بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 4

ലക്കം 49

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഡിസംബർ 05/ഹി:ശം:1398 ഫതഹ് 05/ഹി:ഖ: 1441 റബീഉൽ ആഖർ 07

## അല്ലാഹുവിന്റെ വചനം

فَبِمَا رَحۡمَۃٍ مِّنَ اللّٰہِ لِنۡتَ لَہُمۡ ۚ وَلَوۡ کُنۡتَ فَظًّا غَلِیۡظَ الۡقَلۡبِ لَانۡفَضُّوۡا مِنۡ حَوۡلِکَ ۪ فَاعۡفُ عَنۡہُمۡ وَاسۡتَغۡفِرۡ لَہُمۡ وَشَاوِرۡہُمۡ فِی الۡاَمۡرِ ۚ (آل عمران:160)

‘അല്ലാഹുവിന്റെ മഹത്തായ കാരുണ്യംകൊണ്ടുതന്നെയാണ് നീ അവരോടു സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുംനിന്ന് ചിതറിപ്പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. അതിനാൽ നീ അവർക്കു മാപ്പുനല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി നീ പ്രാർഥിക്കുകയും പ്രധാനകാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.’ (3:160)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽഹയ്യുൽഖയ്യൂം (2:256) സമ്പൂർണമായ വിശേഷഗുണങ്ങൾ അടങ്ങിയതും എല്ലാ ന്യൂനതകളിൽനിന്ന് പരിശുദ്ധവുമായ അസ്തിത്വം അല്ലാഹുവിന്റെ സത്ത മാത്രമാണ്. അവനാണ് ആരാധനയ്ക്കർഹൻ. അവന്റെ അസ്തിത്വം തെളിവിന്റെയൊന്നും ആവശ്യമില്ലാത്ത വ്യക്തമായ കാര്യമാണ്. കാരണം അവൻ സ്വയം നിലകൊള്ളുന്നവനും മറ്റുള്ളതിനെ നിലനിറുത്തുന്നവനുമാണ്. അവനിലല്ലാതെ മറ്റൊരു വസ്തുവിലും സ്വയം നിലകൊള്ളുന്നതും മറ്റുള്ളതിനെ നിലനിറുത്തുന്നതുമായ സവിശേഷഗുണമില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മാനുഷികമായ അസ്തിത്വത്തിന്റെ ഉദ്ദേശ്യം

‘മുത്മഇന്ന നഫ്സ് അഥവാ ശാന്തി പ്രാപിച്ച ആത്മാവിന്റെ അടയാളം അത് ഏതെങ്കിലും പുറത്തുനിന്നുള്ള പ്രചോദനം കൂടാതെതന്നെ അത്തരം അവസ്ഥ പ്രാപിക്കുന്നു എന്നതാണ്. അതായത് അല്ലാഹുവിനെ കൂടാതെ അതിന് ഇരിക്കാൻ പറ്റുകയില്ല. ഇതാണ് മാനുഷികമായ അസ്തിത്വത്തിന്റെ ഉദ്ദേശ്യം. അങ്ങനെതന്നെ ആവേണ്ടതുമാണ്. ജോലിയൊന്നുമില്ലാത്ത മനുഷ്യൻ നായാട്ട്, ചതുരംഗം, ചീട്ടികളി തുടങ്ങിയ കാര്യങ്ങൾ തനിക്കുവേണ്ടി ഉണ്ടാക്കിയെടുക്കുന്നു. എന്നാൽ, മുത്മഇന്ന അനുവദനീയമല്ലാത്തതും, താൽക്കാലികവും ചിലപ്പോൾ ദുഃഖവും സങ്കടവുമുണ്ടാക്കുന്നതുമായ കാര്യങ്ങളിൽനിന്ന് വേറിടുമ്പോൾ, പിന്നെന്തിന് ആ വേറിട്ട ലോകം അവന് ഓർമവരണം? കാരണം അല്ലാഹുവിനോടു മാത്രമാണ് അപ്പോൾ അവന് സ്നേഹമുണ്ടാകുന്നത്. സ്നേഹം രണ്ടുതരത്തിലുണ്ടാകുന്നു എന്ന കാര്യവും മറക്കാൻ പാടില്ല. ഒന്നു വ്യക്തിപരമായ സ്നേഹം. ഒരു സ്നേഹം ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. അല്ലെങ്കിൽ അതിനു കാരണം കുറച്ച് താൽക്കാലിക കാര്യങ്ങളാണെന്ന് പറയാം. ആ സുഖങ്ങൾ അകന്ന ഉടനെതന്നെ അത് തണുത്ത് ദുഃഖത്തിനും വിഷമത്തിനും കാരണമായിത്തീരുന്നു. എന്നാൽ, വ്യക്തിപരമായ സ്നേഹം സത്യസന്ധമായ സന്തോഷമുണ്ടാക്കുന്നു. കാരണം മനുഷ്യൻ സ്വാഭാവികമായും അല്ലാഹുവിനുവേണ്ടിത്തന്നെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. *മാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദുൻ എന്ന് പറഞ്ഞതുപോലെ* (51:57) അതുകൊണ്ട് അല്ലാഹു മനുഷ്യന്റെ പ്രകൃതിയിൽത്തന്നെ തനിക്കുവേണ്ടി കുറച്ചൊക്കെ വെച്ചിട്ടുണ്ട്. തന്റെ മറഞ്ഞിരിക്കുന്നതും അതിസൂക്ഷ്മവുമായ കാര്യഹേതുക്കൾകൊണ്ട് അവനെ തനിക്കായി സൃഷ്ടിച്ചിരിക്കുകയാണ്. അതിനാൽ മനുഷ്യൻ വ്യാജവും പ്രദർശനപരവും താൽക്കാലികവും ദുഃഖത്തിൽ കലാശിക്കുന്നതുമായ സ്നേഹങ്ങളിൽനിന്ന് വേർപെടുമ്പോൾ പിന്നീട് അവൻ അല്ലാഹുവിന്റേതായിത്തീരുന്നു. സ്വാഭാവികമായും ഒരു അകൽച്ചയും അവശേഷിക്കുകയില്ല. അല്ലാഹുവിലേക്ക് ഓടിവരികയും ചെയ്യുന്നു. യാ *അയ്യത്തുഹന്നഫ്സുൽ മുത്മഇന്ന* എന്ന ആയത്തിൽ അതിലേക്കുള്ള സൂചനയാണുള്ളത്. അല്ലാഹു വിളിക്കും എന്ന് പറഞ്ഞത് ഇടയിൽനിന്ന് മറ നീങ്ങിപ്പോകുന്നുവെന്നാണ്; അകൽച്ച ഉണ്ടാകുകയില്ല. ശാന്തിയും സൗഖ്യവും പ്രാപിക്കുമ്പോൾ ഇത് മുത്തഖിയുടെ പരമമായ പദവിയാണ്. മറ്റു സ്ഥലത്ത് ഈ ശാന്തിയുടെ പേര് വിശുദ്ധഖുർആൻ **‘ഫലാഹ്’** എന്നും **‘ഇസ്തിഖാമത്ത്’** എന്നും വെച്ചിരിക്കുന്നു. *ഇഹ്ദിനസ്സിറാത്വൽ മുസ്ത്തഖീം* എന്നതിൽ ആ വിജയത്തിലേക്കോ ഇസ്തിഖാമത്തിലേക്കോ ശാന്തിയിലേക്കോ സൂക്ഷ്മമായ സൂചനയുണ്ട്; അത് **മുസ്തഖീം** എന്ന പദംതന്നെ പറയുന്നു.

### മുഅ്ജിസത്തുകൾ

അല്ലാഹു അസാധാരണമായനിലയിൽ ഒരു ജോലിയും ചെയ്യുകയില്ലെന്നത് സത്യമായ കാര്യമാണ്. നമുക്ക് അറിവുണ്ടെങ്കിലും ഇല്ലെങ്കിലും അവൻ സൃഷ്ടിപ്പിനുള്ള കാര്യഹേതുക്കൾ സൃഷ്ടിക്കുന്നുവെന്നത് യാഥാർഥ്യമാണ്. എന്തായാലും കാര്യഹേതുക്കൾ തീർച്ചയായായുമുണ്ട്. അതുകൊണ്ട് *ശഖ്ഖുൽ ഖമർ, യാ നാറു കൂനീ ബർദൻവ്വ സലാമൻ* (21:70) എന്നീ മുഅ്ജിസത്തുകളും കാര്യഹേതുക്കൾക്ക് വെളിയിലല്ല. പ്രത്യുത അതും ചില അതിസൂക്ഷ്മമായ കാര്യഹേതുക്കളുടെ ഫലങ്ങളാണ്. സത്യസന്ധവും യഥാർഥവുമായ ശാസ്ത്രത്തിൽ അധിഷ്ഠിതമാണ്. ദീർഘദൃഷ്ടിയില്ലാത്തവരും അന്ധമായ തത്ത്വശാസ്ത്രത്തിന്റെ പ്രേമികൾക്കും അത് മനസ്സിലാകുകയില്ല. എനിക്ക് അത്ഭുതം തോന്നുന്നു. അറിവില്ലാത്തതുകൊണ്ട് ഒരു വസ്തുവില്ല എന്നു പറയുന്നത് ശരിയല്ലെന്ന കാര്യം എല്ലാവരാലും അംഗീകരിക്കപ്പെട്ടതാണ്. അപ്പോൾപിന്നെ അജ്ഞനായ തത്ത്വജ്ഞാനി ഈ ദിവ്യാത്ഭുതങ്ങൾക്ക് കാരണമായ പ്രസ്തുത കാര്യഹേതുക്കൾ അറിയാത്തതുകൊണ്ട് യഥാർഥ ദിവ്യാത്ഭുതങ്ങൾ ശരിയല്ലെന്ന് പറയാൻ തന്റേടം കാണിക്കുകയാണ് ചെയ്യുന്നത്. അതേ, നമ്മുടെ മതമെന്താണെന്നാൽ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ തന്റെ ഏതു ദാസനും ഈ രഹസ്യമായ കാര്യഹേതുക്കളെക്കുറിച്ച് അറിയിച്ചുകൊടുക്കുന്നതാണ്. പക്ഷേ, അത് നിർബന്ധമുള്ള കാര്യമൊന്നുമല്ല. നോക്കൂ! മനുഷ്യൻ തനിക്കുവേണ്ടി വീടുണ്ടാക്കുമ്പോൾ അവിടെ സുഖത്തിനുള്ള എല്ലാ സൗകര്യങ്ങളും ശ്രദ്ധിക്കുന്നു. ഏറ്റവുമാദ്യം ശ്രദ്ധിക്കുന്ന കാര്യം ഉള്ളിൽ കടക്കുന്നതിനും പുറത്തുവരുന്നതിനും വാതിലുകൾ ഉണ്ടാക്കണമെന്നായിരിക്കും. ഇനി കൂടുതൽ വസ്തുക്കൾ ആന, കുതിര, കാറുകൾ എന്നിവ ഉണ്ടെങ്കിൽ അവയ്ക്ക് ഓരോന്നിനുമനുസരിച്ച് ഓരോന്നിനും കയറുന്നതിനും ഇറങ്ങുന്നതിനും അനുസരിച്ച് വാതിൽ ഉണ്ടാക്കുന്നു. അല്ലാതെ പാമ്പിനെപോലെ ഒരു

(ശേഷം പേജ് 8ൽ)

## ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ചുള്ള അടിയന്തര വിളംബരം

2019 ഡിസംബറിൽ നടക്കാൻ പോകുന്ന ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ച് ബദ്ർ പത്രത്തിൽ ‘ഇത് 125–ാമത് ജൽസ’യാണെന്ന് വിളംബരം വന്നുകൊണ്ടിരുന്നു. ഈ ചരിത്രപരമായ ജൽസ പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ചില പ്രത്യേക പരിപാടികൾക്ക് സമ്മതവും തന്നിരുന്നു. ഇതിന്റെ വിവരം സർക്കുലർ മുഖേന ജമാഅത്തുകളെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ ‘ഖാദിയാൻ അഹ്മദിയ്യ ചരിത്രവിഭാഗ’ത്തിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ‘2019–ൽ നടക്കാൻ പോകുന്ന ജൽസ 125–ാമത് ജൽസ അല്ല, 126–ാമത് ജൽസയാണെന്ന് വിവരം ഹുദൂറിനെ അറിയിക്കുകയുണ്ടായി. ഹുദൂർ അയ്യദഹുല്ലാഹ് അതിന് സമ്മതം നല്കുകയും പ്രോഗ്രാം തുടർന്നുകൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ബദ്ർ വായനക്കാർ ഇക്കാര്യം ശ്രദ്ധിക്കുക **(ഖാഇം മഖാം നാളിർ ഇസ്‌ലാഹ് വ ഇർശാദ്, മർക്കസിയ്യ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**സ്ത്രീകളെ സംബന്ധിച്ച് നമ്മുടെ പ്രിയപ്പെട്ട ദീനിന്റെ അധ്യാപനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പർദ.**
**ഇസ്‌ലാം സ്ത്രീകളുടെ അഭിമാനത്തിന്റേയും ബഹുമാനത്തിന്റേയും അവകാശങ്ങളുടേയും ധ്വജവാഹകനാണ് എന്നതുകൊണ്ടാണത്.**

**ലജ്ജ ഈമാനിന്റെ ഭാഗമാണ്. ലജ്ജ സ്ത്രീയുടെ ഒരു ഖജനാവാണ്. അതുകൊണ്ട് എപ്പോഴും ലജ്ജയുടെ വസ്ത്രം ധരിക്കുക.**
**എപ്പോഴും ഓർക്കുക! അല്ലാഹു വിശുദ്ധഖുർആനിൽ പർദ ധരിക്കാൻ കല്പിച്ചിരിക്കുന്നു;**
**അപ്പോൾ അതിന് എന്തെങ്കിലും പ്രാധാന്യമുണ്ടാകും.**

**നിങ്ങളുടെ ബന്ധുക്കൾക്കും സഹോദരങ്ങൾക്കുമിടയിലും ഏതെങ്കിലും ഫംഗ്ഷനിലോ വിവാഹാവസരം തുടങ്ങിയവയിലോ**
**വരുമ്പോഴും ശരീരം ആകർഷിക്കപ്പെടുന്നതും നല്ലതായിതോന്നുന്നതും ശരീരം എടുത്ത് കാണിക്കുന്നതുമായ**
**തരത്തിലുള്ള വസ്ത്രം ധരിക്കരുത്. അതിലാണ് നിങ്ങളുടെ ചാരിത്രം! ഇസ്‌ലാമിക പാരമ്പര്യങ്ങൾ പാലിക്കുക.**

**എപ്പോഴും ഓർമിക്കേണ്ടതാണ്, മുസ്‌ലിമീങ്ങളും പ്രത്യേകിച്ച് അഹ്മദീ മുസ്‌ലിമീങ്ങൾ പുരുഷന്മാരും സ്ത്രീകളും യുവാക്കളും**
**എല്ലാവരും മതപരമായ മൂല്യങ്ങളെ നിലനിറുത്താൻ ശ്രമിക്കുന്നില്ലെങ്കിൽ നമ്മൾ രക്ഷപ്പെടുമെന്നതിന് ഒരു ഉറപ്പുമില്ല.**

# 2019 ഒക്ടോബറിൽ ഖാദിയാനിൽ നടന്ന ലജ്ന ഇമാഇല്ലാഹ്-നാസിറാത്തുൽ അഹ്മദിയ്യ സാലാന ഇജ്തിമായിന്റെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ഉപദേശ നിർഭരമായ സന്ദേശം

MA-24-9-2019
ഇസ്‌ലാമാബാദ് (യു.കെ)

ഭാരതത്തിലെ എന്റെ പ്രിയപ്പെട്ട ലജ്ന ഇമാഇല്ലാഹ് അംഗങ്ങളേ!

അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.

നിങ്ങൾക്ക് നിങ്ങളുടെ വാർഷിക ഇജ്തിമാ സംഘടിപ്പിക്കാനുള്ള തൗഫീഖ് കിട്ടുന്നുവെന്നറിഞ്ഞതിൽ എനിക്കതിയായ സന്തോഷമുണ്ട്. അല്ലാഹു നിങ്ങളുടെ ഇജ്തിമാ എല്ലാവിധത്തിലും വിജയവും അനുഗൃഹീതവുമാക്കട്ടെ. ആമീൻ.
ഈ അവസരത്തിൽ എന്നോട് സന്ദേശമയക്കാൻ അപേക്ഷിച്ചിരിക്കുകയാണ്. എന്റെ സന്ദേശമിതാണ്: നിങ്ങൾ അഹ്മദീ സ്ത്രീകളാണ്. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹംകൊണ്ട് ഇക്കാലത്തെ ഇമാമിനെ നിങ്ങൾ വിശ്വസിച്ചു. ആ മഹാത്മാവിനുശേഷം അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ട് അതിന്റെ അനുഗ്രഹത്തിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നു. നിങ്ങൾ കാലത്തിന്റെ ഖലീഫയുടെ മാർഗനിർദേശമനുസരിച്ച് ഇസ്‌ലാമികാധ്യാപനങ്ങൾകൊണ്ട് മുഴുലോകത്തേയും ധന്യമാക്കേണ്ടതുണ്ട്. അതിന് ആവശ്യം ആദ്യം നിങ്ങളും നിങ്ങളുടെ മക്കളും ഈ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുക എന്നതാണ്. നിങ്ങൾ നിങ്ങളുടെ വാക്കിലും പ്രവൃത്തിയിലും രണ്ടുകൊണ്ടും ഇസ്‌ലാമികാധ്യാപനങ്ങൾ പ്രചരിപ്പിക്കുക.
സ്ത്രീകളെ സംബന്ധിച്ച് നമ്മുടെ പ്രിയപ്പെട്ട ദീനിന്റെ അധ്യാപനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പർദ്ദ. ഇസ്‌ലാം സ്ത്രീകളുടെ അഭിമാനത്തിന്റേയും ബഹുമാനത്തിന്റേയും അവകാശങ്ങളുടേയും ധ്വജവാഹകനാണ് എന്നതുകൊണ്ടാണത്. ഇത് സ്ത്രീകളെക്കൊണ്ട് നിർബന്ധിച്ച് പർദ ഇടുവിക്കുന്ന സമ്പ്രദായമൊന്നുമല്ല. പ്രത്യുത സ്ത്രീകൾക്ക് അവരുടെ വ്യക്തിത്വം നിലനിറുത്തുന്നതിനും അവർക്ക് പദവി നല്കുന്നതിനുമുള്ള പരിശ്രമമാണ്. ഇതിനെതിരിൽ മുസ്‌ലിംവിരുദ്ധശക്തികൾ മതപരമായ അധ്യാപനങ്ങളേയും പാരമ്പര്യങ്ങളേയും മുസ്‌ലിമീങ്ങളുടെ ഉള്ളിൽനിന്ന് അവസാനിപ്പിക്കണമെന്ന് പറഞ്ഞ് ശക്തമായ സമ്മർദം ചെലുത്തുന്നു. എപ്പോഴും ഓർമിക്കേണ്ടതാണ്, മുസ്‌ലിമീങ്ങളും പ്രത്യേകിച്ച് അഹ്മദീ മുസ്‌ലിമീങ്ങൾ പുരുഷന്മാരും സ്ത്രീകളും യുവാക്കളും എല്ലാവരും മതപരമായ മൂല്യങ്ങളെ നിലനിറുത്താൻ ശ്രമിക്കുന്നില്ലെങ്കിൽ നമ്മൾ രക്ഷപ്പെടുമെന്നതിന് ഒരു ഉറപ്പുമില്ല. നമ്മൾ സത്യം മനസ്സിലാക്കിയവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് മനസ്സിലാക്കിതന്നിട്ടും നമ്മൾ പ്രവർത്തിക്കുന്നില്ലെങ്കിൽ നമ്മൾ മറ്റുള്ളവരേക്കാളുപരി അല്ലാഹുവിന്റെ പിടിത്തത്തിൽ അകപ്പെടുന്നതായിരിക്കും.
ലജ്ജ ഈമാനിന്റെ ഭാഗമാണ്. ലജ്ജ സ്ത്രീയുടെ ഒരു ഖജനാവാണ്. അതുകൊണ്ട് എപ്പോഴും ലജ്ജയുടെ വസ്ത്രം ധരിക്കുക. എപ്പോഴും ഓർക്കുക! അല്ലാഹു വിശുദ്ധഖുർആനിൽ പർദ ധരിക്കാൻ കല്പിച്ചിരിക്കുന്നു; അപ്പോൾ അതിന് എന്തെങ്കിലും പ്രാധാന്യമുണ്ടാകും. ഉമ്മമാർ സൽമാതൃക കാണിക്കുക. തങ്ങളുടെ പെൺകുട്ടികൾക്കു കുട്ടിക്കാലം മുതലേ അതിന് ശീലമുണ്ടാക്കുക. ഉദാഹരണത്തിന് പെൺകുട്ടികൾ യുവത്വത്തിലേക്ക് ചുവടുവെക്കുമ്പോൾ അവരുടെ കോട്ട് മുട്ടുകൾക്ക് താഴെ ഉണ്ടായിരിക്കേണ്ടതാണ്. ശരീരം മുഴുവൻ മൂടുന്നവിധത്തിലുള്ള കോട്ട് ധരിക്കേണ്ടതാണ്; ഫാഷനാകരുത്. കൈകൾക്ക് നീളമുണ്ടാകണം. നിങ്ങളുടെ ബന്ധുക്കൾക്കും സഹോദരങ്ങൾക്കുമിടയിലും എന്തെങ്കിലും ഫംഗ്ഷനിലോ വിവാഹാവസരം തുടങ്ങിയവയിലോ വരുമ്പോഴും ശരീരം ആകർഷിക്കപ്പെടുന്നതും നല്ലതായിതോന്നുന്നതും ശരീരം എടുത്ത് കാണിക്കുന്നതുമായ തരത്തിലുള്ള വസ്ത്രം ധരിക്കരുത്. അതിലാണ് നിങ്ങളുടെ ചാരിത്രം! ഇസ്‌ലാമിക പാരമ്പര്യങ്ങൾ പാലിക്കുകയും ലോകത്തിന്റെ കണ്ണുകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുക.
ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: 'ഹദ്റത്ത് ആഇശ(റ) പറയുന്നു: ഹദ്റത്ത് അസ്മാ ബിൻത് അബീബക്കർ, നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവർ നേർത്തവസ്ത്രമാണ് ധരിച്ചിരുന്നത്. നബി(സ) തിരുമേനി അവിടെനിന്ന് പിന്മാറി. അതായത് അങ്ങോട്ടും ഇങ്ങോട്ടും മാറി നില്ക്കാൻ ശ്രമിച്ചു. എന്നിട്ടു പറഞ്ഞു: 'അസ്മാ! സ്ത്രീ പ്രായപൂർത്തിയായാൽ അവളുടെ മുഖവും കൈയുമല്ലാതെ മറ്റെന്തെങ്കിലും പുറത്തുകാണുന്നത് ശരിയല്ല.' നബി(സ)തിരുമേനി തന്റെ മുഖവും കൈയും കാണിച്ചുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.
അതിനാൽ സ്ത്രീകൾക്ക് ഈ അധ്യാപനം നല്കപ്പെട്ടിരിക്കുന്നു; തങ്ങളുടെ സൗന്ദര്യം മറച്ചുവെക്കുക. തങ്ങളുടെ തലയും മുഖവും മറയ്ക്കുക. തങ്ങളുടെ ചരിത്രം നിലനിറുത്തുക. അതുകൊണ്ട് ഓരോ അഹ്മദിസ്ത്രീയും ഇതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്.
ഇപ്പോഴത്തെ ശാസ്ത്ര കാലഘട്ടത്തിൽ ധാരാളം പുതിയ മാർഗങ്ങളുണ്ട്. ഉദാഹരണത്തിന് ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സോഷ്യൽ മീഡിയ തുടങ്ങിയവ. ഇത് സമയം പാഴാക്കുകയും ദുഷ്ചിന്തകൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ ടിവിയിൽ തെറ്റായ പരിപാടികൾ കാണുകയാണെങ്കിൽ അതിൽനിന്ന് പിന്തിരിപ്പിക്കേണ്ടതും 12, 13 വയസ്സുള്ള പെൺകുട്ടികളും- അവരുടേത് അപ്പോൾ ബോധം വെച്ചുവരുന്ന പ്രായമായിരിക്കും- മാതാപിതാക്കളും ഇതിൽനിന്ന് തങ്ങളെ രക്ഷിച്ചുനിറുത്തേണ്ടതും അവർ തന്നെയും തങ്ങളുടെ മക്കളേയും അവയുടെ നെഗറ്റീവായിട്ടുള്ളതും തെറ്റായതുമായ ഉപയോഗങ്ങളിൽനിന്ന് രക്ഷപ്പെടുത്തേണ്ടതും മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. നിങ്ങൾ അഹ്മദികളാണ്. അഹ്മദിയുടെ പങ്ക് ഉന്നതവും അമൂല്യവുമായിരിക്കണം; ഇത് അഹ്മദി പെൺകുട്ടിയാണെന്ന് തിരിച്ചറിയപ്പെടണം. ഇസ്‌ലാം എല്ലാ മുസ്‌ലിം പുരുഷനും സ്ത്രീക്കും വിദ്യാഭ്യാസം കരസ്ഥമാക്കേണ്ടതു നിർബന്ധമാക്കിയിരിക്കുന്നു. കോളേജുകളിലേയും യൂണിവേഴ്സിറ്റികളിലേയും അഹ്മദി വിദ്യാർഥിനികൾ തങ്ങളുടെ പഠിത്തത്തിൽ ശ്രദ്ധിക്കുക. പെൺകുട്ടികൾ പെൺകുട്ടികളോടുമാത്രം കൂട്ടുകൂടുക. പ്രബോധനപരമായ (തബ്‌ലീഗ്) ബന്ധവും സ്ത്രീകളുമായിട്ടായിരിക്കേണ്ടതാണ്. ഇപ്രകാരംതന്നെ എം.ടി.എയിൽനിന്ന് സ്വയം ഫലമെടുക്കുക. മറ്റുള്ളവരോടു അതിനെ പ്രയോജനപ്പെടുത്താൻ ഉപദേശിക്കുകയും ചെയ്യുക.
അതുകൊണ്ട് എല്ലാ അഹ്മദീ സ്ത്രീയും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കേണ്ടതാണ്. തങ്ങളുടെ ചാരിത്രം കാത്തുസൂക്ഷിക്കേണ്ടതാണ്. നമ്മൾ അഹ്മദിയാണെന്നും മറ്റുള്ളവരിൽനിന്ന് വ്യത്യാസമുണ്ടെന്നും ബോധമുണ്ടായിരിക്കേണ്ടതാണ്. ഓർമിക്കുക! ഇന്നത്തെ പെൺകുട്ടികൾ നാളത്തെ ഉമ്മമാരാണ്. ഈ പെൺകുട്ടികൾക്ക് തങ്ങളുടെ ഉത്തരവാദിത്വത്തിന്റെ ബോധമുണ്ടാക്കുകയാണെങ്കിൽ അഹ്മദിയ്യത്തിന്റെ വരുംതലമുറയും സുരക്ഷിതരായിപോകുന്നതായിരിക്കും. അല്ലാഹു നിങ്ങൾക്ക് എന്റെ ഈ ഉപദേശങ്ങൾ അനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

വസ്സലാം
വിനീതൻ
**മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**താലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**താലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

## ഖുത്ബ ജുമുഅ

ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം മനസ്സിലാക്കുന്നതിന് അവരുടെ നെഞ്ചകം തുറക്കാനും
അത് സ്വീകരിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഖേദകരമായ കാര്യം ലോകത്തിന് ഇസ്‌ലാമിന്റെ ഈ ചിത്രം കാണാൻ കഴിയുന്നില്ലെന്നതാണ്......
നിങ്ങളുടെ മസ്ജിദിൽ എനിക്ക് സമാധാനം കിട്ടി.**(ഏവ്‌ലിൻ സാഹിബ)**

നിങ്ങളുടെ ജമാഅത്ത് അഹ്മദികളോടു മാത്രമല്ല പ്രത്യുത എല്ലാ മതങ്ങളുമായി
ബന്ധം വെക്കുന്നവരോടും നല്ല രീതിയിൽ പെരുമാറുന്നു.**(ഡയ്നി ഹാർക്കിംഗ്)**

മുസ്‌ലിമീങ്ങളുടെ അവസ്ഥ എങ്ങനെയായിത്തീർന്നിരിക്കുന്നുവെന്നാൽ അവർക്ക് അവരുടെ വിശ്വാസങ്ങളേയും
വിശ്വാസത്തേയും കുറിച്ചുതന്നെ അറിവില്ല. നിങ്ങളുടെ ഖലീഫയിൽനിന്ന് അവർ ഇസ്‌ലാം പഠിക്കേണ്ടതാണ്.......
ഞാൻ എന്റെ ജീവിതത്തിൽ യുക്തിയോടു കൂടിയ ഇസ്‌ലാമിന്റെ സന്ദേശം ആദ്യമായി കേട്ടു.(ഒരു അതിഥി)

നിങ്ങൾ തന്നെയാണ് യഥാർഥത്തിലുള്ള മുസ്‌ലിമീങ്ങൾ (ഒരു അതിഥി)

അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം അവതരിപ്പിച്ച ആഗോള നീതിയുടേയും പരസ്പരധാരണയുടേയും ചിന്ത
ഇന്ന് ലോകത്തിന് വളരെ ആവശ്യമുണ്ട്.**(മാലിയിലെ യുനസ്കോയുടെ അംബാസഡർ)**

അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമർപിക്കുന്ന ഇസ്‌ലാം ലോകത്ത് സ്ഥാപിതമാകുകയാണെങ്കിൽ ലോകത്തിലെ
എല്ലാ പ്രശ്നങ്ങളും അവസാനിക്കുന്നതായിരിക്കും(കത്തോലിക് അംഗങ്ങളുടെ അസോസിയേഷന്റെ പ്രസിഡന്റ്)

**ഇസ്‌ലാമിന്റെ ഈ ശാഖ സമാധാനം ഇഷ്ടപ്പെടുന്ന ശാഖയാണ്. ഇത് ഇസ്‌ലാമിന്റെ യഥാർഥ ചിത്രമാണ്.
ഈ ഇസ്‌ലാമിൽ മനുഷ്യത്വമുണ്ട്, സ്നേഹമുണ്ട്, പ്രീതിയുണ്ട്.......ഖലീഫയുടെ സംസാരം കേട്ടപ്പോൾ
ഇത് അസാധാരണ ജമാഅത്താണെന്ന് എനിക്ക് ദൃഢവിശ്വാസമായി.(ഒരു അതിഥി)**

*ഭീകരവാദത്തിനും ഭീകരപ്രവർത്തനത്തിനുമെതിരെ അഹ്മദിയ്യ ജമാഅത്തിന് ഒരു ഖഡ്ഗമാകാനും
സുപ്രധാനപങ്കു വഹിക്കാനും കഴിയും.(പ്രസിഡന്റ് ഡിസ്ട്രിക്റ്റ് കൗൺസിൽ ഓഫ് Kochersberg)*

**ഇസ്‌ലാമിന്റെ ദൈവത്തിൽ ഇത്രമാത്രം ആഴവും വിശാലവുമായുള്ള ചർച്ച ഇന്നുവരെ ഞാൻ കേട്ടിട്ടില്ല.
അത് ദൈവത്തിന്റെ സമ്പൂർണ വാദത്തോടുകൂടി അതേ ഏകനായ ദൈവത്തെ ലോകത്തിലെ എല്ലാ മതങ്ങളേയും
രാജ്യങ്ങളേയും മനുഷ്യ സമൂഹങ്ങളേയും പരിപാലിക്കുന്നവനായി നിശ്ചയിക്കുന്നു. (കത്തോലിക് ചർച്ചിന്റെ ഒരു പാതിരി)**

ചർച്ച് വളരെയധികം ചോദ്യങ്ങൾക്കുമുമ്പിൽ കണ്ണടയ്ക്കുന്നു. എന്നാൽ, അഹ്മദിയ്യ ജമാഅത്തിന്റെ
ഇമാം ചോദിക്കപ്പെടാവുന്ന എല്ലാ ചോദ്യങ്ങളും ആക്ഷേപങ്ങളുമെടുത്തുകൊണ്ട് പല വശത്തൂടെയും
അതിനു മറുപടി നല്കുകയും നിർഭയനായി ഇസ്‌ലാമിക വീക്ഷണത്തെ വിശദീകരിക്കുകയും ചെയ്തു.

ഇതിനുമുമ്പേ ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ച് ഞങ്ങൾക്കുണ്ടായിരുന്ന അറിവ് ഇസ്‌ലാമിന്റെ ശരിയായ ചിത്രം സമർപിക്കുന്നില്ല.
അതുകൊണ്ട് ഇന്നത്തെ സായം സന്ധ്യ എനിക്ക് പോസ്റ്റീവും സമാധാനഭരിതവുമായ സമാധാനം കൊണ്ടുവന്നിരിക്കുന്നു.
(Herald Boensel) ന ഏതൊരു സമാധാനത്തിന്റേയുംശക്തിയുടേയും സന്ദേശമാണോ അവിടന്ന് ന നല്കിയത്
അതിന്റെ ചുരുക്കം ഖുർആനാണ്. അതിന്റെ നിലപാടിനുള്ള തെളിവ് ഖുർആനിൽനിന്നും ഇസ്‌ലാമിന്റെ സ്ഥാപകരുടെ
തിരുമൊഴികളിൽനിന്നും നല്കി. ഈ വിഷയം പുതിയതായിരുന്നുവെങ്കിലും വർത്തമാന കാലത്തിന്റെ തേട്ടങ്ങളോടു
യോജിക്കുന്നതായിരുന്നു. പക്ഷേ, ഖലീഫ തന്റെ നിലപാട് പഴയ ഇസ്‌ലാമിൽനിന്ന് എടുത്ത് സപ്പോർട്ടു ചെയ്തുകൊണ്ട്
സ്ഥാപിച്ചത് ഇസ്‌ലാമും ഖുർആനും മതത്തിന്റെ അടിത്തറ ലോകാരംഭമുതൽ തന്നെ മാനുഷികമായ സഹാനുഭൂതിയുടേയും
സമാധാനത്തിന്റേയും ശാന്തിയുടേയും അധ്യാപനത്തിൽ വെച്ചിരിക്കുന്നു എന്നാണ്. (മെമ്പർ ഓഫോ ജർമൻ പാർലമെന്റ്)

അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വർത്തമാന കാല അവസ്ഥകളുടെ നിഡിമിടിപ്പ് ശരിയായ നിലയിൽ ഗ്രഹിച്ചിരിക്കുന്നു.
കാരണം അദ്ദേഹത്തിന്റെ വിലയിരുത്തൽ ശരിയാണ്. അതുകൊണ്ട് അദ്ദേഹം നിർദേശിച്ചിട്ടുള്ള ചികിത്സയും സാമൂഹികമായ
അസമാധാനത്തിനുള്ള ദൃഢഗാഢമായ ചികിത്സയാണ്.(പാർലമെന്റംഗം)

**ഇസ്‌ലമിന്നെതിരിൽ എപ്പോൾ ആക്ഷേപമുണ്ടായാലും ഞാൻ കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങൾ
അവതരിപ്പിച്ചുകൊണ്ട് അതിനെതിരെ പ്രതികരിക്കാൻ ശ്രമിക്കുന്നതായിരിക്കും. (വൈസ് മേയർ)**

2019 സെപ്റ്റംബർ ഒക്ടോബർ പര്യടനവേളയിൽ വിവിധ പരാപാടികളിൽ പങ്കെടുത്ത
ജമാഅത്തിൽപ്പെടാത്ത അതിഥികളുടെ പ്രതികരണങ്ങളുടെ വിവരണം.

ഒരു വളരെ വലിയ ആലിമും മുത്തഖിയും നോമ്പും നമസ്കാരവും കൃത്യതയോടെ നിർവിച്ചയാളും
തഹജ്ജുദ് നമസ്കരിക്കുന്നവ്യക്തിയും ദുആ ചെയ്യുന്നയാളും ദരിദ്രരെ സഹായിക്കുന്നയാളും ക്ഷമാശീലനും നന്ദി
പ്രകടിപ്പിക്കുന്നവനും ആത്മാർഥനും ഖിലാഫത്തിന്റെ സുൽത്താനെ നസീറുമായ മൗലവി മഹ്മൂദ് അഹ്മദ് സാഹിബ്
മുബല്ലിഗെ സിൽസില പാലക്കാടിന്റെ വഫാത്തും അദ്ദേഹത്തെ കുറിച്ചുള്ള അനസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2019 നവംബർ 01/1398 നുബുവ്വത്ത് 01**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ്(സർറെ) യു.കെ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ദിനങ്ങളിൽ യൂറോപ്പിലെ ചില രാജ്യങ്ങളിലെ പര്യടനത്തിലായിരുന്നു. ഹോളണ്ടിലെ രണ്ട് രാജ്യങ്ങളിലും ഫ്രാൻസിലും വാർഷിക ജൽസകളുണ്ടായിരുന്നു. അതിനുപുറമെ മസ്ജിദുകളുടെ ഉദ്ഘാടനങ്ങളും അന്യർ പങ്കെടുത്ത മറ്റു ചില പരിപാടികളും നടക്കുകയുണ്ടായി. ഫ്രാൻസിലെ യുനെസ്കോ(UNESCO)യുടെ മന്ദിരത്തിൽ നടന്ന പരിപാടിയിൽ ഇസ്‌ലാമിക അധ്യാപനങ്ങളും ശാസ്ത്ര വൈജ്ഞാനിക മേഖലകളിൽ മുസ്‌ലിമീങ്ങളുടെ സംഭാവനകളും വിവരിക്കുവാനുള്ള അവസരം ലഭിച്ചു. യുനെസ്കോ (UNESCO) യു.എൻ (UN)ന്റെ ഒരു സ്ഥാപനമാണ്. അത് വിദ്യാഭ്യാസം, ശാസ്ത്രം, കൾച്ചർ തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിന്റെ പ്രവൃത്തികളിൽ മാധ്യമ സ്വാതന്ത്ര്യം, ദാരിദ്ര്യനിർമാർജനം, അനന്തരാവകാശ സംരക്ഷണം തുടങ്ങിയ ജോലികളുമുണ്ട്. എന്തായാലും അവരുടെ ഈ പ്രവൃത്തികളെ ഉദ്ധരിച്ച് ഇസ്‌ലാമിക വിദ്യാഭ്യാസത്തേയും ആദ്യകാലങ്ങളിൽ മുസ്‌ലിമീങ്ങൾ ഇതുസംബന്ധമായി ചെയ്ത സേവനങ്ങളേയും അവരും അഹ്മദിയ്യാ ജമാഅത്തും വഹിച്ച പങ്കിനേയും കുറിച്ച് അദ്ദേഹത്തോടു പറഞ്ഞു.

അതുപോലെ ജർമനിയുടെ തലസ്ഥാനമായ ബർലിനിൽ നടന്ന ഒരു പരിപാടിയിൽ ഭരണതന്ത്രജ്ഞരും വിദ്യാസമ്പന്നരുമായ ആളുകൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ചു പറഞ്ഞുകൊടുത്തു. അത് അവരിൽ നല്ല പ്രതികരണമുണ്ടാക്കി. യൂറോപ്യൻ കൾച്ചറും സിവിലൈസേഷനുമായി ഇസ്‌ലാം ചേരുകയില്ലെന്ന കാര്യം യൂറോപ്യൻകാരുടെ ബുദ്ധികളിൽ നിലനില്ക്കുന്നുണ്ട്. പ്രത്യേകിച്ചും ജർമനിയിലും മറ്റു ചില രാജ്യങ്ങളിലും അത് അധികമാണ്; അതുകൊണ്ട് ഇസ്‌ലാം ഇവിടെ വരാൻ പാടില്ലെന്നും വരാൻ സാധ്യമല്ലെന്നും ഇസ്‌ലാം യൂറോപിന് ഭീഷണിയാണെന്നുമുള്ള ധാരണ സ്ഥാപിതമായിരിക്കുകയാണ്. ഇതുസംബന്ധമായി ഇസ്‌ലാമികാധ്യാപനത്തിന്റെ വെളിച്ചത്തിൽ പറഞ്ഞു. ചില വലിയ വലിയ അഭ്യസ്തവിദ്യരും രാഷ്ട്രീയനേതാക്കളും ഡിപ്ലോമേറ്റ്സ് തുടങ്ങിയവരുമുണ്ടായിരുന്നു. അവരിൽ പോസിറ്റീവായിട്ടുള്ള വലിയ പ്രതികരണമാണുണ്ടായത്. അവർ അത് പ്രകടിപ്പിക്കുകയും ചെയ്തു. ഇപ്രകാരംതന്നെ മറ്റു പരിപാടികളിലും ഇസ്‌ലാമികാധ്യാപനവും ഇസ്‌ലാമിനെ പരിചയപ്പെടുത്താനും തൗഫീഖ് അല്ലാഹു നല്കി. അൽഹംദുലില്ലാഹ്. അല്ലാഹുവിന്റെ ഫള്ൽ കാണാൻ എല്ലായിടത്തും അവസരം കിട്ടി.

ഇപ്പോൾ ഞാൻ വിവിധ പരിപാടികളിൽ മറ്റുള്ളവർ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ഹ്രസ്വമായി വിവരിക്കുന്നതായിരിക്കും. ഇതിൽനിന്ന് അവർക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ മനസ്സിലാക്കുന്നതിനും തങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും എല്ലായിടത്തും അവസരം കിട്ടി എന്ന് പ്രകടമാകുന്നതാണ്.

ഹോളണ്ടിലെ ജൽസയുടെ രണ്ടാം ദിവസം ഡച്ച് അതിഥികളെ അഭിമുഖീകരിക്കുവാനുള്ള അവസരം ലഭിച്ചു. അതിൽ അമുസ്‌ലിം സഹോദരങ്ങളായ 125 ഡച്ച് അതിഥികൾ പങ്കെടുത്തു. നൻസ്പീറ്റ്(Nunspeet) ഇപ്പോൾ നമ്മുടെ കേന്ദ്രമാണ്. അവിടുത്തെ കൗൺസിലർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഒരുപാട് കാലം മുമ്പേ ഇവിടെ വരുന്നത് അതായത് അഹ്മദിയ്യാ ജമാഅത്തുമായി ബന്ധം വെക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ, കാലത്തിനോടൊപ്പം ബന്ധങ്ങൾ നന്നായി.' ഇപ്പോൾ അവിടെ ഞാൻ പോയപ്പോൾ എന്നെ സ്വീകരിക്കാനും ഇദ്ദേഹം അവിടെ വന്നിരുന്നു. പിന്നീട് പറയുന്നു: 'മുമ്പേയും ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കേട്ടിട്ടുണ്ട്. ഇപ്പോൾ വീണ്ടും കേൾക്കാനാഗ്രഹിക്കുകയാണ്. ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും എന്നെ വല്ലാതെ ആകർഷിച്ചിരിക്കുന്നു. കാരണം ഇതിൽ തോന്നുന്നത് അഗാധമായ ഒരു പരസ്പരബന്ധം ഞങ്ങൾ തമ്മിൽ ഉണ്ടായിരിക്കുന്നുവെന്നാണ്. നിങ്ങൾ അതായത് അവിടുത്തെ ജമാഅത്ത് സമൂഹത്തിന്റെ ഒരു കർമനിരതമായ ഭാഗമാണ്. ഈ ജൽസയിൽ പങ്കെടുത്ത് അതിൽ കൂടുതൽ ശക്തി ഉണ്ടായിരിക്കുന്നു.

റോട്ടർഡാം(Rotterdam)അവിടുത്തെ ഒരു നഗരമാണ്. അവിടെ നിന്ന് വന്ന ഒരു അതിഥി ഹെർമൻ മീറ്റർ(Herman Meeter) സാഹിബ് പറഞ്ഞു: ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ ഞാൻ ഭയപ്പെട്ടിരുന്നു. കാരണം ഈ ജൽസ മുസ്‌ലിമീങ്ങളാണ് സംഘടിക്കുന്നത്. അതുകൊണ്ട് അവിടെ എന്താണ് സംഭവിക്കുക എന്നറിയില്ല. എന്നാൽ, ഇവിടെ വന്നപ്പോൾ വലിയ അത്ഭുതം തോന്നി. കാരണം ശാന്തിയുടെ കാര്യങ്ങളാണിവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങയുടെ പ്രസംഗത്തിൽ എനിക്ക് ഏറെ ഇഷ്ടപ്പെട്ട കാര്യം വളരെ ധൈര്യത്തോടെ അങ്ങ് കാര്യങ്ങൾ പറഞ്ഞുവെന്നതാണ്.' പിന്നീട് പറയുന്നു: 'പോപ്പ് പൊതുവായ നിലയിൽ ശാന്തിയുടെ കാര്യങ്ങൾ സംസാരിക്കാറുണ്ട്.' എന്നാൽ, ഇദ്ദേഹം അഹ്മദി സുഹൃത്തിനോടു പറഞ്ഞു: 'നിങ്ങളുടെ ഖലീഫ പരസ്യമായ നിലയിൽ ശക്തരായ രാഷ്ട്രങ്ങളെ സംബോധന ചെയ്താണ് സംസാരിച്ചത്.'

അതിൽ പങ്കെടുത്ത ഡച്ചു ദമ്പതികൾ പറയുന്നു: 'ജൽസയുടെ അന്തരീക്ഷം വിസ്മയകരമായിരുന്നു. എല്ലാവരും നല്ല പെരുമാറ്റം കാഴ്ചവച്ചു. ഒരു സ്വർഗീയ അന്തരീക്ഷമായിരുന്നുവെന്ന് തോന്നി. പിന്നീട് എന്റെ പ്രഭാഷണത്തെക്കുറിച്ച് അവർ പറഞ്ഞു: ''അത് വളരെ വലിയ സ്വാധീനമാണ് ഞങ്ങളിലുളവാക്കിയത്. പരിഭാഷകരും വളരെ സ്വാധീനമുണ്ടാക്കി. വളരെ മികച്ച നിലയിൽ തൽസമയം പരിഭാഷ നടക്കുന്നുണ്ടായിരുന്നു.' ഹുദൂർ പറയുകയാണ്: ഇക്കാര്യം പരിഭാഷകർ എങ്ങനെ വിവരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അതുകൊണ്ടുതന്നെ എം.ടി.എ.യിൽ പരിഭാഷ നടക്കുന്നുവെങ്കിലും വിവിധ രാജ്യങ്ങളിൽ പരിപാടികളും ജൽസകളും നടക്കുമ്പോഴുമെല്ലാം പരിഭാഷകൾ നല്ല നിലയിലായിരിക്കുവാൻ തർജമ വിഭാഗം പരിശ്രമിക്കേണ്ടതാണ്.

ഒരു അതിഥി ഡെന്നി ഹാർക്കിങ് (Dini Harking)സാഹിബ് പറയുന്നു: 'ഇത് എന്റെ വിദ്യാഭ്യാസപരമായ ബാക്ക്ഗ്രൗണ്ടാണ്. നാലുവർഷം ഒരു സ്ഥാപനത്തിൽ ഞാൻ ഡച്ച് ഭാഷ പഠിപ്പിക്കാൻ തുടങ്ങി. ഇവിടെ ഒരു പാക്കിസ്താനി കുടുംബവുമായി എന്റെ കൂടിക്കാഴ്ച നടന്നു. അവർ ഭാഷ പഠിക്കാൻ വരാറുണ്ടായിരുന്നു. ബന്ധങ്ങൾ വളർന്നു. എല്ലാതരത്തിലുള്ള സഹായവും ഉണ്ടാകുമെന്ന് ഞാൻ അവർക്ക് ഉറപ്പുകൊടുത്തു. എല്ലാ ആഴ്ചയും അവർ എന്നോടൊപ്പം കുറച്ചു സമയം ചെലവഴിക്കും. അവരുടെ കുട്ടികളും ഞാനുമായി കാണും. ആ കുട്ടികളിൽ നിന്നാണ് ഞാൻ ജമാഅത്തിനെക്കുറിച്ച് അറിയുന്നത്. ഇപ്പോൾ ഞാൻ ഇവിടെ വന്നിരിക്കുകയാണ്. എനിക്കിവിടെ വളരെ നന്നായി തോന്നിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ഖലീഫ ശാന്തിയുടെയും പരസ്പര ഐക്യത്തിന്റെയും കാര്യങ്ങൾ പറയുന്നു. ഞാൻ ക്രിസ്ത്യാനിയാണ്. അഹ്മദികളോടു മാത്രമല്ല, നിങ്ങളുടെ ജമാഅത്ത് എല്ലാ മതത്തിൽപ്പെട്ട ആളുകളോടും അനുഭാവപൂർവം പെരുമാറുന്നുവെന്ന് എനിക്ക് കാണാൻ കഴിയുന്നു. പ്രത്യേകിച്ചും ഒരു മുസ്‌ലിം നേതാവിൽനിന്ന് കാര്യങ്ങൾ കേൾക്കുക. അത് എന്നെ വളരെ ആകർഷിച്ചു. കാരണം ഇക്കാലത്ത് ഇസ്‌ലാമിനെക്കുറിച്ച് തെറ്റായ സങ്കൽപങ്ങൾ നിലനില്ക്കുന്നുണ്ട്.' വീണ്ടും പറയുന്നു:'അങ്ങ് ലോകത്ത് പടർന്നുപിടിച്ചിരിക്കുന്ന അശാന്തിയെ കുറിച്ച് പറഞ്ഞു. സമാധാനം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിൽ പൂർണമായും സമ്മർദം ചെലുത്തി. നമ്മൾ ലോകത്ത് പരസ്പരം കൂടിച്ചേർന്ന് താമസിക്കുന്നവരാണ്. അതുകൊണ്ട് നമ്മളെല്ലാവരും ഒരുമിച്ചു ചേർന്ന് ശാന്തി നിലനിറുത്താൻ ശ്രമിക്കേണ്ടതുണ്ട്.'

ഹോളണ്ടിലെ അൽമേര(Almere)നഗരത്തിൽ മസ്ജിദിന്റെ ഉദ്ഘാടനവേളയിൽ അൽമേര ചർച്ചിലെ ചെയർമാൻ ഹായോ വേതസൽ സാഹിബ് വന്നിരുന്നു. അദ്ദേഹം പറയുന്നു: 'നിങ്ങളുടെ ജമാഅത്തിന്റെ സന്ദേശം ശാന്തിയുടെ സന്ദേശമാണ്. നിങ്ങളുടെ ഖലീഫ ശാന്തിയെക്കുറിച്ചും മതസ്വാതന്ത്ര്യത്തെക്കുറിച്ചും വളരെ നല്ല പ്രഭാഷണമാണ് നിർവഹിച്ചത്. അൽമേരയിൽ മുമ്പേ കത്തോലിക്ക വിഭാഗത്തിൽപ്പെട്ടവരും പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലുള്ളവരും ഒരുമിച്ച് ശാന്തിയോടെ ജീവിച്ചിരുന്നു. ഇനി അഹ്മദികളും ഞങ്ങളോടൊപ്പം ചേർന്ന് സമാധാനത്തോടെ ജീവിക്കുമെന്ന് പ്രതീക്ഷിക്കുന്നു.'

ഒരു അറബ് അതിഥി സക്കരിയ്യ സാഹിബ് വന്നിരുന്നു. അദ്ദേഹം പറയുന്നു: 'വളരെ നല്ല പരിപാടിയായിരുന്നു. നിങ്ങളുടെ ഖലീഫയുടെ പ്രസംഗം ഞാൻ കേട്ടു.' പിന്നീട് ഇദ്ദേഹം പറഞ്ഞു: 'നമ്മൾ സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ ഈ പ്രസംഗമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.' വീണ്ടും പറയുന്നു: 'ഒരു അറേബ്യക്കാരനെന്ന നിലയിൽ ഇതും ഞാൻ പറയാനാഗ്രഹിക്കുകയാണ്. നിങ്ങളുടെ പരിപാടിയുടെ തുടക്കത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യപ്പെടുകയുണ്ടായി. ഈ രാജ്യത്ത് താമസിക്കുന്ന എനിക്ക് അത് ഒരു വിസ്മയകരമായ കാര്യമായിരുന്നു. എനിക്കത് വളരെ നന്നായി തോന്നി.'

ഒരു തദ്ദേശവാസിയാണ് ദേനെക്കെ സാഹിബ. അവർ പറയുന്നു: 'ഈ ഫംഗ്ഷൻ വളരെ മെച്ചപ്പെട്ട നിലയിൽ ഓർഗനൈസ് ചെയ്തിരിക്കുന്നു. നിങ്ങളുടെ ഖലീഫയുടെ പ്രസംഗം ഞാൻ കേട്ടു. വളരെ നല്ല പ്രസംഗമായിരുന്നു. സ്ത്രീകൾക്കും വളരെ നല്ല സംവിധാനമായിരുന്നു ഒരുക്കിയിരുന്നത്. ആദ്യമായാണ് ഞാൻ വരുന്നത്. ഇനി ഞാൻ വീണ്ടും മസ്ജിദിൽ വരും. ജമാഅത്തിലെ സ്ത്രീകളെ വീണ്ടും കാണുന്നതായിരിക്കും. എന്റെ ബന്ധം വർധിപ്പിക്കുകയും ചെയ്യും.'

മറ്റൊരു തദ്ദേശ അതിഥി പറയുന്നു: 'മുസ്‌ലിമീങ്ങളുടെ ഇത്തരം പരിപാടിയിൽ ഞാൻ ആദ്യമായാണ് പങ്കെടുക്കുന്നത്. വരുന്നതിനു മുമ്പേ എന്റെ അയൽവാസി പറഞ്ഞിരുന്നു, രക്ഷ നോക്കിക്കൊള്ളാൻ! മുസ്‌ലിമീങ്ങളെ സംബന്ധിച്ച് എപ്പോൾ എന്തു ചെയ്യുമെന്നൊന്നും പറയാൻ പറ്റില്ല. പക്ഷേ, ഞാൻ ഇവിടെ വന്നു. എല്ലാം വളരെ നന്നായി തോന്നി. നിങ്ങളുടെ ജമാഅത്തിലെ ആളുകൾ ആരംഭം മുതൽ അവസാനം വരെ ഞങ്ങളുടെ എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചു.'

തദ്ദേശവാസിയായ ഏവ്‌ലിൻ സാഹിബ പറയുന്നു: 'ലോകത്തിന് ഇസ്‌ലാമിന്റെ ഈ ചിത്രം കാണാൻ കഴിയുന്നില്ല എന്നത് ഖേദകരമാണ്. നിങ്ങളുടെ ജമാഅത്തിലുള്ളവർ വളരെ കഠിനാധ്വാനികളും അതിഥിസൽക്കാര പ്രിയരുമാണ്. ഞാൻ ഇന്ന് ആദ്യമായാണ് ഈ മസ്ജിദ് കാണുന്നത്. തുടർന്നും ഇവിടെ വരാനാഗ്രഹിക്കുന്നു. കാരണം നിങ്ങളുടെ മസ്ജിദിൽനിന്ന് എനിക്ക് സമാധാനം കിട്ടി.'

അവരുടെ ഇത്തരത്തിലുള്ള അഭിപ്രായങ്ങൾ നിരവധിയാണ്. ചിലതാണ് ഞാൻ വിവരിച്ചത്. പിന്നീട് ഫ്രാൻസ് പര്യടനമായിരുന്നു. അവിടെ ജൽസയുണ്ടായിരുന്നു. അവിടെയും അനഹ്മദികളും അമുസ്‌ലിം അതിഥികളുമായിട്ടുള്ള പരിപാടി ഉണ്ടായിരുന്നു. അതിൽ എഴുപത്തഞ്ചോളം അതിഥികൾ വന്നിരുന്നു. അവിടെ ഒരു അതിഥി വനിത അവർ ജോലിയുടെ അടിസ്ഥാനത്തിൽ

ആന്ത്രോപോളജിസ്റ്റാണ്(Anthropologist)പറയുന്നു: 'ഫ്രാൻസിൽ നടന്ന വിവിധ ആക്രമണങ്ങളെ അപലപിക്കുന്നു എന്ന് നിങ്ങളുടെ ഖലീഫ പറഞ്ഞുകൊണ്ട് ഇസ്‌ലാമിന് ഇത്തരം ആക്രമണങ്ങളുമായി ഒരുവിധ ബന്ധവുമില്ലെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമർപിച്ച ഇസ്‌ലാമിന്റെ യഥാർഥ ചിത്രത്തിൽ നിന്ന് മുസ്‌ലിമീങ്ങൾക്ക് അനായാസം പാശ്ചാത്യ ലോകവുമായി ഇൻഡിഗ്രേറ്റ് (Integrate)ചെയ്യാൻ സാധിക്കുന്നതാണെന്നു മനസ്സിലാകുന്നു. അങ്ങനെ പാശ്ചാത്യലോകത്ത് മുസ്‌ലിമീങ്ങൾക്ക് ഇടമില്ലെന്നും അവിടെ ഒരുമിച്ചു ജീവിക്കാൻ സാധ്യമല്ലെന്നുമുള്ള വാദം തെറ്റായിത്തീരുന്നതാണ്. അങ്ങനെ പറയുന്നവർ ഇന്നത്തെ ഈ പ്രഭാഷണം കേൾക്കേണ്ടതായിരുന്നു.'

മുർതളാ സാഹിബ് ഒരു അനഹ്മദിയാണ്. അദ്ദേഹത്തിന്റെ ബന്ധം ഇറാനുമായാണ്. അദ്ദേഹം പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റേയും ഖലീഫത്തുൽ മസീഹിന്റേയും സ്റ്റാറ്റസ് ആദ്യമായാണ് ഞാൻ അറിയുന്നത്. ജനങ്ങൾ ലോകത്ത് ഇസ്‌ലാമിന്നെതിരിൽ ഒരുപാട് പ്രചാരണം നടത്തുന്നുണ്ട്. നിങ്ങളുടെ ഖലീഫ ഇന്ന് അതിനെല്ലാം ഉഗ്രൻ മറുപടിയാണ് നല്കിയത്. മുസ്‌ലിമീങ്ങളുടെ അവസ്ഥ എങ്ങനെയാണെന്നാൽ അവർക്ക് തങ്ങളുടെ ആദർശങ്ങളേയും വിശ്വാസങ്ങളേയും കുറിച്ച് അറിവ് തന്നെയില്ല. അവർ നിങ്ങളുടെ ഖലീഫയിൽനിന്ന് ഇസ്‌ലാം പഠിക്കേണ്ടതാണ്. വാസ്തവമെന്താണെന്നാൽ കാലത്തിന്റെ ഇമാമുമായി– മസീഹ് മൗഊദും മഹ്ദിയെ മൗഊദുമായി ചേർന്നു മാത്രമേ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം മനസ്സിലാകുകയുള്ളൂ. ഈ ഗ്രാഹ്യം മുസ്‌ലിമീങ്ങൾക്ക് ഉണ്ടാകണമെങ്കിൽ അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വരണം. അല്ലാതെ അവർക്ക് ശരിയായ ഇസ്‌ലാം, യഥാർഥ ഇസ്‌ലാം മനസ്സിലാകുകയില്ല.' എന്തായാലും ഇദ്ദേഹം പറയുന്നു: 'യഥാർഥ ജിഹാദ് എന്താണെന്ന് ഖലീഫ ഇന്ന് വ്യക്തമാക്കി. എങ്ങനെയാണ് അത് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതെന്നും. ഖലീഫ ഇസ്‌ലാമിന്റെ പ്രാരംഭകാലത്തെ സംഭവങ്ങളും നബി(സ) തിരുമേനിയുടെ ജീവിത സംഭവങ്ങളും അവതരിപ്പിച്ചതിൽനിന്ന് സ്ഥാപിതമാകുന്നത് ഇസ്‌ലാം സമാധാനം കാംക്ഷിക്കുന്ന മതമാണെന്നാണ്. ഞാൻ എന്റെ ജീവിതത്തിൽ ആദ്യമായാണ് ഇപ്രകാരം യുക്തിദീക്ഷയോടുകൂടി ഇസ്‌ലാമിന്റെ സന്ദേശം കേൾക്കുന്നത്.'

മൊറോക്കോയിൽ നിന്നുള്ള ഒരു അനഹ്മദി അതിഥി സുഫിയാൻ സാഹിബ് പറയുന്നു: 'ഇന്നത്തെ ഈ പ്രഭാഷണത്തിൽ നിന്ന് നിങ്ങൾ തന്നെയാണ് യഥാർഥ മുസ്‌ലിമീങ്ങളെന്നും നിങ്ങൾ മുസ്‌ലിമീങ്ങളല്ലെന്നു പറയുന്നവർ തികച്ചും തെറ്റാണ് പറയുന്നതെന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചു. മൗലവിമാർ എന്നെ കുട്ടിക്കാലം മുതലേ പഠിപ്പിച്ചിരുന്നതെല്ലാം കളവായിരുന്നു. ഫ്രാൻസിൽ ഇസ്‌ലാമിനേയും മുസ്‌ലിമീങ്ങളേയും ആളുകൾ ഭയന്നിരുന്നു. ഇതിനെ എങ്ങനെ പ്രതിരോധിക്കണമെന്നും എങ്ങനെ ജനങ്ങളുടെ ഭയവും പേടിയും അകറ്റണമെന്നും ഞങ്ങൾക്ക് അറിയില്ലായിരുന്നു.' പറയുന്നു: 'ഇന്ന് നിങ്ങളുടെ ഖലീഫ വളരെ നല്ല രീതിയിൽ ഇസ്‌ലാമിനു വേണ്ടി പ്രതിരോധിച്ചു. ഇതും ഞാൻ പറഞ്ഞതുപോലെ യഥാർഥ ഇസ്‌ലാമികാധ്യാപനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നാലെ മനസ്സിലാകുകയുള്ളൂ.'

ഒരു ക്രൈസ്തവ അതിഥി വന്നിരുന്നു. ജേക്കബ് സാഹിബ്. അദ്ദേഹം പറയുന്നു: 'ലോകത്തിന് ഇത്തരം പരിപാടികൾ വളരെ ആവശ്യമുണ്ട്. നിങ്ങളുടെ ഖലീഫ വിവിധ ജനതകളും മതങ്ങളും തമ്മിലുള്ള അകൽച്ച കുറച്ചുകൊണ്ടുവരികയാണ്. അദ്ദേഹം ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നത്, ഭീകരവാദികൾക്ക് അവരുടെ രാഷ്ട്രീയപരമായ ഉദ്ദേശ്യമുണ്ടെന്നാണ്. മതം ഒരു നല്ല സംവിധാനമാണ്. മതത്തെ ഭയപ്പെടാതിരിക്കേണ്ടതാണ്. ഖലീഫ ആവർത്തിച്ചാവർത്തിച്ച് സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിച്ചു. ഇത് ഫ്രാൻസുകാർക്ക് പുതിയ കാര്യമാണ്. ഫ്രാൻസുകാരിൽ ഇസ്‌ലാമിനെക്കുറിച്ച് തികച്ചും മറ്റൊരു ചിന്തയാണ്.

പരിപാടിയിൽ പങ്കെടുത്ത ഒരു അതിഥിയാണ് മാക്സയ്ൻ ഓൺഫ്രെ. അദ്ദേഹം തിങ്ക് ടാങ്കിൽ ജോലിചെയ്യുന്നു. പറഞ്ഞു: 'ഇന്ന് എന്റെ ജീവിതത്തിന്റെ ഏറ്റവും പ്രിയപ്പെട്ട ഒരു ദിവസമാണ്. നിങ്ങളുടെ ഖലീഫയെ ഇതിൽ ഞാൻ നേരിട്ടു കേട്ടു. അദ്ദേഹം തികച്ചും സത്യമാണ് പറഞ്ഞത്; ഇന്ന് നമ്മൾ ഒരു ഇരുൾമുറ്റിയ കാലത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിൽ എങ്ങും വെറുപ്പാണ് കാണുന്നത്. പക്ഷേ ഇതൊന്നും മതം കാരണത്താലല്ലെന്നും ആളുകൾ ഇസ്‌ലാമിനെ ഭയപ്പെടേണ്ട ഒരാവശ്യവുമില്ലെന്നും മതത്തെ ഭീകരവാദികൾ ഹൈജാക്ക് ചെയ്യുകയാണെന്നും തങ്ങളുടെ രാഷ്ട്രീയ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുകയാണെന്നും ഖലീഫ നമുക്ക് മനസ്സിലാക്കിത്തന്നു. ഇത് തികച്ചും ശരിയാണ്. ഞാൻ ഇതിനോടു യോജിക്കുന്നു.' വീണ്ടും പറയുന്നു: 'നമുക്ക് നമ്മുടെ ഭാവിതലമുറയ്ക്കുവേണ്ടി എങ്ങനെ ലോകത്ത് നല്ലതു വിട്ടുപോകാൻ കഴിയുമെന്നും അദ്ദേഹം ഇസ്‌ലാമികാധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കിത്തന്നു.' അദ്ദേഹം പറയുന്നു. 'ഈ പ്രസംഗം പ്രസിദ്ധീകരിക്കേണ്ടതാണ്. നമുക്കെല്ലാവർക്കും അത് കിട്ടേണ്ടതാണ്. ഇദ്ദേഹം തിങ്ക് ടാങ്കിന്റെ ഒരംഗമാണ്.അദ്ദേഹത്തിന്റെ അഭിപ്രായമാണിത്.

ഞാൻ പറഞ്ഞതുപോലെ ഒക്ടോബർ 8 ന് യുനെസ്കോയിലെ പരിപാടിയായിരുന്നു. ഈ പരിപാടിയിൽ 91 അതിഥികൾ പങ്കെടുത്തു. ഇവരിൽ യുനെസ്കോയിലെ മാലി അംബാസിഡറും, ഫ്രാൻസിലെ വിദേശകാര്യമന്ത്രിയും ഭരണകർത്താക്കളും മതകാര്യ വകുപ്പിന്റെ ഉപദേശകനും ഫ്രാൻസിലെ മതകാര്യവകുപ്പ് മന്ത്രിയും അദ്ദേഹത്തിന്റെ ഉപദേഷ്ടാവും മതകാര്യവകുപ്പിന്റെ ഡയറക്ടറും നാറ്റോ മെമ്മോറിയലിന്റെ പ്രസിഡണ്ടും പാർലമെന്റംഗങ്ങളും കൗൺസിലർമാരും മേയർമാരും വിവിധ സർക്കാർ ഉദ്യോഗസ്ഥന്മാരും ഡയറക്ടർമാരും ഉൾപ്പെടുന്നു.

മാലിയിൽനിന്നുള്ള യുനെസ്കോയിലെ അംബാസഡർ ഉമർ കാഉത്താ സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ജമാഅത്തിന്റെ ഇമാം സമാധാനം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ സമാധാനസന്ദേശത്തിന് ഞാൻ അനുഗ്രഹമാശംസിക്കുന്നു. ഇമാം ജമാഅത്ത് സമർപ്പിച്ച ആഗോള നീതിയുടെയും ഏകാഭിപ്രായത്തിന്റെയും കാഴ്ചപ്പാട് ഇന്ന് ലോകത്തിനുണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. യുനെസ്കോ എങ്ങനെയുള്ള ഐഡിയൽ സ്ഥലമാണെന്നാൽ അവിടെ സമാധാനത്തെക്കുറിച്ച് പറയാം.' പിന്നീട് അദ്ദേഹം തന്റെ മറ്റു വികാരപരമായ കാര്യങ്ങൾ പ്രകടിപ്പിച്ചു; ഈ പ്രസംഗത്തിൽനിന്ന് എന്തൊക്കെ കാര്യങ്ങൾ മനസ്സിലാക്കിയെന്ന്. വീണ്ടും പറയുന്നു: ഇക്കാര്യമാണ് ഇന്ന് മുസ്‌ലിം സമുദായത്തിനും ആവശ്യമായിട്ടുള്ളത്; ആഗോള നീതിയുടേയും അനുരഞ്ജനത്തിന്റേയും സങ്കല്പം ജമാഅത്തിന്റെ ഇമാം അവതരിപ്പിച്ചു. ലോകത്തിന് അത് വളരെ ആവശ്യമുണ്ട്.'

പിന്നീട് നാറ്റോ മെമ്മൊറിയലിന്റെ പ്രസിഡന്റ് മിസ്റ്റർ ബ്രന്റൻ(Mr.Brenton) ഈ പരിപാടിയിൽ പങ്കെടുത്ത് തന്റെ സന്തോഷം പ്രകടിപ്പിച്ചു. തുടർന്ന് പറയുന്നു: 'ഈ സമ്മേളനം സുപ്രധാനവും ഐതിഹാസികവുമായിരുന്നു. ഇതിലൂടെ ശാന്തിയും സഹിഷ്ണുതയും സാഹോദര്യവും സ്ഥാപിതമാകുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം പരമാവധി ആളുകൾ കേൾക്കണമെന്നതാണ് എന്റെ ആഗ്രഹം.' അദ്ദേഹം പറയുന്നു: 'ഇദ്ദേഹം യഥാർഥ ഇസ്‌ലാമിന്റെ കാര്യങ്ങളാണ് പറയുന്നത്. അത് സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും പാഠം നല്കുന്നു. ഈ സന്ദേശം ഭീകരപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിൽനിന്ന് തികച്ചും വിരുദ്ധമാണ്. ജമാഅത്തിന്റെ ഇമാം ഈ സമാധാന സന്ദേശം പ്രചരിപ്പിക്കുന്നതിന് ഒരുപാട് പരിശ്രമിക്കുന്നു.'വീണ്ടും പറയുന്നു: 'ഇതൊരു നിർബന്ധകാര്യമാണ്. സമാധാന പ്രവർത്തനത്തിന് പ്രചാരണം നല്കുന്നതിനെ സഹായിക്കാൻ ഞങ്ങളും തയ്യാറാണ്.' വീണ്ടും പറയുന്നു:'നമ്മളിലോരോരുത്തരും സമാധാനം സ്ഥാപിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഈ ജോലി എല്ലാ തലങ്ങളിലും ചെയ്യണം. അതിന് തങ്ങളുടെ കർമപരമായ മാതൃക സമർപിക്കണം.'

മാലിയിൽ നിന്ന് ഫ്രാൻസുമായി ബന്ധം വെക്കുന്ന കത്തോലിക്കക്കാരുടെ അസോസിയേഷൻ പ്രസിഡന്റ് ദിയാല്ലോ(Diallo) സാഹിബും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ മുമ്പേതന്നെ അഹ്മദികളെക്കുറിച്ച് അറിയുന്ന ആളാണ്. നമുക്ക് കിട്ടിയ ഈ സന്ദേശം എല്ലാ മതങ്ങളും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. ഈ പ്രസംഗം കേട്ട് അതിമനോഹരമായ സന്ദേശമാണതെന്ന് എനിക്ക് തോന്നി. ഇതുകേട്ടതിനുശേഷം എന്റെ മനസ്സിൽ എത്ര മാത്രം ആഗ്രഹമുണ്ടായെന്നാൽ ഞാൻ ഇസ്‌ലാമിന്റെ പുരോഗതിക്കായി ഇനി പ്രാർഥിക്കുന്നതായിരിക്കും. ഇദ്ദേഹം കത്തോലിക്കക്കാരനാണ്. തുടർന്ന് പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമർപിക്കുന്ന ഇസ്‌ലാം സ്ഥാപിതമാകുകയാണെങ്കിൽ ലോകത്തിലെ എല്ലാ പ്രശ്നങ്ങളും അവസാനിക്കുന്നതായിരിക്കും. മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കുമ്പോൾ എല്ലായിടത്തും സമാധാനം സ്ഥാപിതമാകുന്നതാണ്. പരസ്പരം ആദരിക്കേണ്ട ആവശ്യമുണ്ട്. നമ്മളിലോരോരുത്തരും അവരവരുടെ മതത്തിൽ നിലകൊള്ളുന്നവരാണ്. പക്ഷേ, നമുക്ക് ഒരു ഏകീകൃത വിശ്വാസമുണ്ട്. അത് ദൈവത്തിന്റെ സത്തയാണ്.

ഒരു അതിഥി ബ്രണാർഡ്(Bernard) സാഹിബ് പറയുന്നു: 'നമ്മൾ ടിവിയിൽ ഇസ്‌ലാമിനെക്കുറിച്ച് കേട്ടിരുന്നതിന് തികച്ചും വിരുദ്ധമായ ഇസ്

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ലാമികാധ്യാപനമാണ് ഇവിടെ ഇന്ന് അവതരിപ്പിക്കപ്പെട്ടത്. ഇതാണ് യഥാർഥ ഇസ്‌ലാം.' അദ്ദേഹം പറയുന്നു: ഞാൻ ഇന്ന് നബി(സ)തിരുമേനിയെക്കുറിച്ച് അറിവ് കരസ്ഥമാക്കി; അദ്ദേഹം എങ്ങനെയാണ് മദീനയിൽ ഏറ്റവും ഉന്നതമായ സമൂഹം സ്ഥാപിച്ചത്. വൈജ്ഞാനികരംഗത്ത് ഇസ്‌ലാം എത്ര വലിയ പങ്കാണ് വഹിച്ചതെന്ന് എനിക്ക് ഇന്നാണ് മനസ്സിലായത്. അത് ലോകത്തിന് അറിവ് നല്കി.'

ഫ്രാൻസിലെ ഒരു മനുഷ്യാവകാശ ഫെഡറേഷൻ അംഗം ഈ പ്രോഗ്രാമിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഈ പ്രസംഗം വളരെ നല്ലതും ഗഹനവുമായിരുന്നു. അറിവ് പ്രചരിപ്പിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള തീരുമാനങ്ങളെക്കുറിച്ച് വളരെ വിശദീകരിച്ചു പറഞ്ഞു. അദ്ദേഹം വൈജ്ഞാനികചരിത്രത്തിൽ ഇസ്‌ലാമിന്റെ സേവനങ്ങളും എണ്ണിയെണ്ണി പറഞ്ഞു. ഇത് വളരെ ഹൃദയഹാരിയായ അറിവുകളായിരുന്നു.

പിന്നീട് സിറ്റി കൗൺസിലിലെ ഒരംഗം പറയുന്നു: 'ഞാൻ കൗൺസിലിൽ തലമുറകൾ തമ്മിലുള്ള വിവേചനത്തിനെതിരെ പ്രവർത്തിക്കുന്ന വകുപ്പിന്റെ ഇൻചാർജ്ജാണ്.' അദ്ദേഹം പറയുന്നു: 'പ്രത്യേകിച്ചും ഇന്നത്തെ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ ഞാനാദ്യമായാണ് കേൾക്കുന്നത്. അതിൽ അദ്ദേഹം സ്ത്രീ വിദ്യാഭ്യാസത്തിന് ഒരുപോലെയുള്ള അവസരങ്ങൾ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് സംസാരിച്ചു. അന്തർദ്ദേശീയ മതങ്ങളുടെ കൂട്ടായ്മയെക്കുറിച്ച് പറഞ്ഞു. ഇത് വളരെ ആവശ്യമാണ്. ആഫ്രിക്കയിലെ ദരിദ്രപ്രദേശങ്ങളിലെ വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ കാര്യങ്ങൾ ഉദ്ധരിച്ച് അവിടെ നടത്താൻപോകുന്ന ജമാഅത്തിന്റെ പ്രൊജക്റ്റുകളെക്കുറിച്ച് സംസാരിച്ചു.' അദ്ദേഹം പറയുന്നു: 'ഫ്രാൻസിലോ മറ്റു രാജ്യങ്ങളിലോ ഇസ്‌ലാമിനെക്കുറിച്ച് പ്രത്യേകമായ നിലയിൽ പറയുമ്പോൾ അവരിലെ ആശങ്കകളെക്കുറിച്ചും പറയേണ്ടിവരുന്നു. സമൂഹത്തിൽ ഒരു ഇസ്‌ലാമോഫോബിയയുണ്ട്. അത്തരം ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് പോസിറ്റീവായിട്ടുള്ള കാര്യങ്ങളാണ് ഇവിടെ കേൾക്കാൻ കഴിഞ്ഞത്. എനിക്കിതിൽ വളരെ സന്തോഷമുണ്ടായി.' അദ്ദേഹം പറയുന്നു: 'ഇവിടെ വരികയെന്നതും നിങ്ങളുടെ ജമാഅത്ത് എന്താണ് എന്നതും അതെങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നതും കാണുക എന്റെ ആഗ്രഹമായിരുന്നു. നിങ്ങളെക്കുറിച്ച് കൂടുതൽ അറിവ് കരസ്ഥമാക്കണം. അങ്ങനെ ഇന്ന് എന്റെ ആ ആഗ്രഹം പൂർത്തിയായി.

പിന്നീട് ഒരു അതിഥി അലക്സാണ്ടർ (Alexander)സാഹിബ് പറയുന്നു: 'ഖലീഫ സമാധാനത്തിന്റെ സന്ദേശം നല്കുന്നു. ഈ പ്രസംഗം സത്യസന്ധതയിൽ അധിഷ്ഠിതമായിരുന്നു. അദ്ദേഹം തുറന്നും വ്യക്തവുമായ നിലയിൽ സംസാരിച്ചു. അഹ്മദിയ്യാ ജമാഅത്ത് അടിമത്വത്തിന്റെ വിഷയം വ്യക്തമാക്കി എന്നാണ് എനിക്ക് തോന്നുന്നത്. ഈ സന്ദേശം വളരെ ഗംഭീരമായിരുന്നു. മുസ്‌ലിമീങ്ങളിൽനിന്നുള്ള അഹ്മദികളാണ് ഈ സന്ദേശം അവതരിപ്പിച്ചത്. അവർ ഒരു ചെറിയ ജമാഅത്താണ്.

ഒരു പത്രപ്രവർത്തക പറയുന്നു: 'പ്രസംഗം കേട്ടു. വളരെ നല്ലതായിരുന്നു. പ്രത്യേകിച്ചും എത്രത്തോളം ഇസ്‌ലാമിന് ലോകത്ത് വൈജ്ഞാനിക രംഗത്ത് പുരോഗതിയുണ്ടായി എന്ന കാര്യം കേട്ട് അത്ഭുതപ്പെട്ടുപോയി. അതിൽ മുസ്‌ലിമീങ്ങളുടെ എത്ര വലിയ പങ്കാണുള്ളത്. അതിനുള്ള ഉദാഹരണങ്ങളും അദ്ദേഹം തന്റെ പ്രസംഗത്തിൽ നല്കി. വിശുദ്ധഖുർആന്റെ ഉദാഹരണവും നല്കി. നബിതിരുമേനിയുടെ ഉദാഹരണങ്ങളും നല്കി. എങ്ങനെയാണ് അദ്ദേഹം ഒരു സമാധാനഭരിതമായ സമൂഹത്തെ സ്ഥാപിച്ചത്.' അവർ പറയുന്നു: 'ഇന്ന് ഞാൻ ഇവിടെനിന്ന് വളരെയധികം പഠിച്ചു.'

ഒരു അതിഥിയാണ് മിസ്റ്റർ ബ്രേസിയോ വില്ലി (Mr.Bresiouu Willy) സാഹിബ്. ഇദ്ദേഹം ഒരു ചാരിറ്റിയിൽ ജോലി ചെയ്യുന്നു. അദ്ദേഹം പറയുന്നു: 'വളരെ പ്രധാനപ്പെട്ട പരിപാടിയായിരുന്നു. വളരെ മനോഹരവും ഐതിഹാസികവുമായ സന്ദേശമായിരുന്നു. ഈ സന്ദേശം മുഴുവൻ ലോകവും കേൾക്കേണ്ടതാണ്. ഈ പ്രസംഗത്തിലൂടെ എന്റെ അറിവ് വർധിക്കുകയും എനിക്ക് സമാധാനത്തിന്റെ യാഥാർഥ്യവും പ്രാധാന്യവും മനസ്സിലാകുകയും ചെയ്തു.

സ്ട്രാസ്ബർഗിലെ മസ്ജിദ് ഉദ്ഘാടനമായിരുന്നു പിന്നീട് നടന്നത്. ജർമനിയുടെ ബോർഡറിലുള്ള സ്ട്രാസ്ബർഗ് ഫ്രാൻസിലെ മറ്റൊരു നഗരമാണ്. അവിടെ ഏകദേശം 191 അതിഥികൾ പങ്കെടുത്തിരുന്നു. ഈ അതിഥികളിൽ ആ പ്രദേശത്തെ പാർലമെന്റ് മെമ്പറുമുണ്ടായിരുന്നു. അഞ്ച് പ്രദേശത്തിന്റെ മേയറുമാരും വിവിധ മതങ്ങളുടെ പ്രതിനിധികളും വിവിധ അസോസിയേഷനുകളുടെ പ്രസിഡണ്ടുമാരും ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധംവെക്കുന്നവരുമുണ്ടായിരുന്നു. ചുറ്റുവട്ടത്തുള്ള ചെറിയ ചെറിയ കസബകളിലെ ആളുകളും പ്രത്യേകമായ നിലയിൽ എത്തിയിരുന്നു. കാരണം ഇവരിൽ ഇസ്‌ലാമിന്നെതിരിൽ ഒരുപാട് ആശങ്കകളുണ്ട്. എന്നല്ല അവർക്ക് വെറുപ്പുണ്ടായിരുന്നു. ഇവിടെ വന്നതിനുശേഷം അവരുടെ പ്രതികരണം തികച്ചും മാറിപ്പോയി.

ഫ്രഞ്ച് പാർലമെന്റ് അംഗമായ മാർട്ടിൻ (Martil) സാഹിബ പറയുന്നു: താങ്കൾ ഒരു സമ്പൂർണ സന്ദേശം നൽകിയതിൽ ഞാൻ വളരെ സന്തോഷവതിയാണ്; ഒരു ശാന്തിയുടെ സന്ദേശം! സാഹോദര്യത്തിന്റെ സന്ദേശം! ഈ സന്ദേശം മുഴുലോകത്തിനുമുള്ളതാണ്. അവർ പറയുന്നു: 'അഹ്മദികൾ വളരെ കർമനിരതരാണ്. അവർ എന്തൊക്കെയോ ചെയ്തുകാണിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അവരുടെ കർമങ്ങളിൽനിന്ന് അവരുടെ മോട്ടോ തിളങ്ങിക്കൊണ്ടിരിക്കുന്നു.' വീണ്ടും പറയുന്നു: 'ഞാൻ ഇനിയും ഏതെങ്കിലും നേരത്ത് ഇവിടെ വരുന്നതായിരിക്കും. ഇവിടെ കുറച്ചാളുകൾ ഉള്ളപ്പോൾ നിങ്ങളുടെ ഇടയിലിരുന്ന് വളരെ സമാധാനത്തോടെ സംസാരിക്കാൻ അവസരം കിട്ടുമല്ലോ. പിന്നീട് ഞാൻ നിങ്ങളുടെ മൂല്യങ്ങളെ നല്ലനിലയിൽ മനസ്സിലാക്കുന്നതായിരിക്കും.' ഇത് നമ്മുടെ സമൂഹത്തിന് അതിന്റെ ഗുണത്തിന് വളരെ ആവശ്യമാണ്. അവർ പറയുന്നു: 'നിങ്ങളുടെ ഖലീഫ സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും കാര്യമാണ് പറയുന്നത്. ഫ്രാൻസിനും ഫ്രാൻസിലെ പൗരന്മാർക്കും ഈ സന്ദേശം വളരെ പ്രാധാന്യമുള്ളതാണ്. ഫ്രഞ്ചുകാരും ഇതറിയേണ്ട ആവശ്യമുണ്ട്. കാരണം അവർ ഇസ്‌ലാമിനെ മാധ്യമങ്ങളിൽനിന്നാണ് അറിഞ്ഞിട്ടുള്ളത്. ഇത് അതിൽനിന്ന് വ്യത്യസ്തമാണ്. നമുക്ക് യഥാർഥമായി ഇസ്‌ലാമിനെ അറിയേണ്ട ആവശ്യമുണ്ട്.'

പിന്നീട് അവിടത്തെ കൗൺസിൽ ഓഫ് ബാരനി(Barin)ലെ ഒരു വകുപ്പിന്റെ വൈസ് പ്രസിഡണ്ട് ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഞങ്ങളുടെ പ്രദേശത്ത് തിബറ്റുമായി ബന്ധംവെക്കുന്ന ബുദ്ധമതത്തിന്റെ യൂറോപ്യൻ സെന്ററുണ്ട്. എനിക്ക് മതങ്ങളെക്കുറിച്ചറിയാം. ക്രൈസ്തവമതം, യഹൂദമതം, ജോഡോ ക്രിസ്ത്യൻ, ബുദ്ധമതം തുടങ്ങിയവയുടെ സേവനങ്ങളെക്കുറിച്ച് നല്ലവണ്ണം അറിയാം. പക്ഷേ, ഇന്ന് കേട്ട പ്രസംഗത്തിൽ ഞാൻ കൂടുതൽ ആകർഷിതനാണ്. കാരണം ഒന്ന് അദ്ദേഹത്തിന്റെ വാക്കുകളായിരുന്നു. ഒന്ന് അദ്ദേഹത്തിന്റെ വീക്ഷണമായിരുന്നു. അതായിരുന്നു 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്.' അദ്ദേഹം ഇസ്‌ലാമിന്റെ പൂർണമായ ചിത്രമാണ് അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ വാക്കുകളും അദ്ദേഹത്തിന്റെ വീക്ഷണവും തമ്മിൽ വളരെ സാമ്യമുണ്ട്. അദ്ദേഹം എല്ലാ ഓരോരുത്തർക്കും വേണ്ടി തന്റെ വാതിലുകൾ തുറന്നുവെക്കണമെന്ന ദൃഢവിശ്വാസക്കാരനാണ്. ഇന്നത്തെ പരിപാടിയിൽനിന്ന് ഞാൻ ഇതാണ് പഠിച്ചത്. ഇതുതന്നെയാണ് സമാധാനത്തിന്റെ വഴി.

സ്ട്രാസ്ബർഗിലെ മസ്ജിദിന്റെ ഉദ്ഘാടനത്തിൽ യുബാജിയ സാഹിബ് പങ്കെടുത്തു. അദ്ദേഹത്തിനോടൊപ്പം ഒരു സ്ത്രീയുമുണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ ഭാര്യയാണെന്നാണ് തോന്നുന്നത്. അവർ പറയുന്നു:' ഞങ്ങൾ ഇന്നത്തെ പരിപാടിക്ക് ക്ഷണം സ്വീകരിക്കുന്നതിനു മുമ്പേ ഇന്റർനെറ്റിൽ നിങ്ങളുടെ ജമാഅത്തിനെ സംബന്ധിച്ചുള്ള അറിവുകൾ കരസ്ഥമാക്കിയിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളറിഞ്ഞ് വളരെ സന്തോഷത്തോടുകൂടിയാണ് ക്ഷണം സ്വീകരിച്ചത്. ഏറ്റവും അധികം ഞങ്ങളെ സന്തോഷിപ്പിച്ചത് ഇവിടെ അന്താരാഷ്ട്രമതങ്ങൾക്ക് പ്രചാരണം നല്കപ്പെട്ടിരിക്കുന്നു എന്നതാണ്. മനുഷ്യാവകാശത്തേയും പ്രത്യേകിച്ച് അയൽവാസിയുടെ അവകാശത്തെയും കുറിച്ചുള്ള ഇസ്‌ലാമികാധ്യാപനം പ്രസംഗത്തിലും അവതരിപ്പിക്കപ്പെട്ടു.

അതുകൊണ്ട് നമ്മുടെ പരിപാടികളിൽ ആളുകൾ വരുമ്പോൾ ഇന്റർനെറ്റിലൂടെ ജമാഅത്തിന്റെ വിവരങ്ങളും കരസ്ഥമാക്കുന്നു. അവിടെ അവർക്ക് പിന്നീട് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെക്കുറിച്ച് ധാരാളം അറിയാനും കഴിയുന്നു.

മറ്റൊരു അതിഥി പറയുന്നു: 'എനിക്കെന്റെ വികാരം പ്രകടിപ്പിക്കുവാൻ വാക്കുകളില്ല. ഈ ഇസ്‌ലാമിക സംഘടനയെക്കുറിച്ച് എനിക്ക് ആദ്യം ഒന്നും അറിയില്ലായിരുന്നു. ഇടവഴിയിൽ ഞാൻ ചില ആളുകളെ കണ്ടു. അവർ ഈ പരിപാടിയിൽ വരണമെന്ന് പറഞ്ഞു. ഞാൻ ഇന്റർനെറ്റിൽനിന്ന് കാര്യങ്ങൾ മനസ്സിലാക്കി. ഇവിടെ വരാൻ തീരുമാനിച്ചു. അതെത്ര നല്ല തീരുമാനമായിരുന്നു. ഞാൻ ഇന്നിവിടെ കേട്ടതിനെ പ്രശംസിക്കാതിരിക്കാൻ എനിക്കാവില്ല. ഇസ്‌ലാമിന്റെ ഈ ശാഖ സമാധാനകാംക്ഷിയാണ്. ഇത് ഇസ്‌ലാമിന്റെ യഥാർഥ ചിത്രമാണ്. മനുഷ്യത്വവും സ്നേഹവും സാഹോദര്യവും നിറഞ്ഞ ഇസ്‌ലാമാണിത്. ഇതുവരെ ഞങ്ങൾ കേട്ടറിഞ്ഞ ഇസ്‌ലാം, ഇസ്‌ലാമല്ല, മറിച്ച് മറ്റെന്തോ ആയിരുന്നു എന്നെനിക്കിപ്പോൾ ബോധ്യമായി. ഇസ്‌ലാമിന്റെ ധാർമികപരമായ അധ്യാപനം ക്രൈസ്തവമതത്തെപോലെയാണെന്ന് എനിക്കിപ്പോൾ മനസ്സിലായി. ഇത് ആളുകൾ നിർബന്ധിതരായി പറയുന്നതാ


**ഹദീഥുന്നബ്‌വി (സ):**

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ണ്. ഇല്ലെങ്കിൽ ഒരുപാട് പ്രൈവറ്റ് സദസ്സുകളിൽ അവർ ക്രൈസ്തവ അധ്യാപനങ്ങളേക്കാൾ വളരെ വലുതാണ് ഇതെന്നും പ്രകടിപ്പിക്കാറുണ്ട്. തുടർന്ന് പറയുന്നു: ഖലീഫയുടെ സംസാരത്തിൽനിന്ന് ഇത് അസാധാരണമായ ജമാഅത്താണെന്ന് എനിക്ക് ദൃഢവിശ്വാസമായി.

ജസ്റ്റിൻ സാഹിബ്. അദ്ദേഹം നഗരത്തിന്റെ ഡിസ്ട്രിക്ട് കൗൺസിലിന്റെ പ്രസിഡണ്ടാണ്. അദ്ദേഹം പറയുന്നു: ഇവിടെ മസ്ജിദുണ്ടാക്കാൻ പോകുന്നുവെന്ന് ആദ്യമായി ഞാൻ അറിഞ്ഞപ്പോൾ എനിക്ക് അത് വളരെയേറെ ആശങ്കയുണ്ടാക്കി. പക്ഷേ, നിങ്ങളുടെ മുദ്രാവാക്യം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നത് കേട്ടപ്പോൾ ഇത് ഇക്കാലത്ത് എങ്ങനെ നടപ്പാകുമെന്ന് തോന്നി. അതായത് ഒരാൾ ഇത്ര പ്രിയപ്പെട്ട ഒരു മുദ്രാവാക്യം വിളിക്കുമ്പോൾ അതെങ്ങനെയാണ് അംഗീകരിക്കാതിരിക്കുക! അഹ്മദിയ്യാ ജമാഅത്തിന് ഭീകരവാദത്തിനും ഭീകരപ്രവർത്തനത്തിനുമെതിരെ ഒരു ഖഡ്ഗമായിത്തീരാൻ കഴിയും; പ്രധാന പങ്കുവഹിക്കാൻ കഴിയും. ഫ്രാൻസിൽ ഇപ്പോഴും ആളുകൾക്ക് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് അത്ര അറിയില്ല. പക്ഷേ, ഭീകരവാദത്തിനും ഇപ്പോഴുള്ള ബുദ്ധിമുട്ടുകൾക്കുമെതിരെ അഹ്മദിയ്യത്തിന്റെ വീക്ഷണത്തെത്തന്നെയാണ് നോക്കേണ്ടത്. അവർ മുഖേനയാണ് അറിയേണ്ടത്. അതുകൊണ്ട് നിങ്ങൾക്ക് ഒരുപാട് ജോലികൾ ചെയ്യേണ്ടതായി വരും.

ലക് ജിൻസക്(LucGinzc) സാഹിബ്. അദ്ദേഹം ഒരു നഗരത്തിന്റെ മേയറാണ്. അദ്ദേഹം പറയുന്നു: ഞാൻ ആദ്യമായാണ് മസ്ജിദിൽ വന്നിട്ടുള്ളത്. മസ്ജിദിൽ വരിക എന്നതിന്റെ ഉദ്ദേശ്യം ഇന്ന് കണ്ടതാണെങ്കിൽ ഞാൻ നിത്യവും മസ്ജിദിൽ വരികതന്നെ ചെയ്യും. മസ്ജിദിൽ വന്നതുകൊണ്ട് എത്രയധികം സന്തോഷവും സമാധാനവും കിട്ടിയെന്നാൽ അതെനിക്ക് വിവരിക്കാൻ സാധ്യമല്ല.

ഒക്ടോബർ 14 ന് അവിടെനിന്ന് ജർമനിയിൽ പോയി. അവിടെ വീസ്ബാദനിലെ മസ്ജിദിന്റെ ഉദ്ഘാടനമായിരുന്നു. ഒരു പ്രസിദ്ധമായ ഹാളുണ്ടവിടെ. അവിടെയായിരുന്നു ഉൽഘാടന പരിപാടി നടന്നത്. കാരണം മസ്ജിദിന്റെ മുറ്റത്ത് സ്ഥലമില്ലായിരുന്നു. 370 അതിഥികൾ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. ലോർഡ് മേയർ തുടങ്ങിയവർ അവിടെ വന്നിരുന്നു. സംസ്ഥാന അസംബ്ലിയിലെ മെമ്പറും വിവിധ മന്ത്രാലയങ്ങളിലെ ഭരണകർത്താക്കളുടെ പ്രതിനിധികളും വിവിധ ഭരണവകുപ്പുകളിലെ ഡയറക്ടേർസും പോലീസ് ഓഫീസറും ചർച്ചിലെ പാതിരിയും പ്രൊഫസേർസും ഡോക്ടർ, വക്കീൽ തുടങ്ങിയ വിവിധ വകുപ്പുകളുമായി ബന്ധംവെക്കുന്നവരുമുണ്ടായിരുന്നു.

കത്തോലിക്കാ ചർച്ചിലെ ഒരു പാതിരി പറഞ്ഞു: 'അങ്ങയുടെ ഈ പ്രഭാഷണത്തിൽ എല്ലാ നിലപാടുകളും വ്യക്തമാക്കിയിരുന്നു. ഞാൻ പൂർണമായും അതിനോടു യോജിക്കുന്നു. മറ്റുള്ളവരെ സ്നേഹിക്കുകയും അല്ലാഹുവിനോടുള്ള കടമ നിറവേറ്റുകയും ഈ എല്ലാം കാര്യങ്ങളും എന്റെ പഠനത്തിലുമുണ്ട്.' ഇപ്രകാരംതന്നെ പറയുന്നു: 'ഇന്നുവരെ ഞാൻ ഇസ്‌ലാമിന്റെ ദൈവത്തെ സംബന്ധിച്ച് ഇത്ര ആഴത്തിലും വിശാലവുമായ ചർച്ച കേട്ടിട്ടില്ല. അത് ദൈവത്തിന്റെ ഏകത്വത്തിന്റെ പൂർണമായ വാദത്തോടെ, അതേ ഏകനായ ദൈവത്തെ ലോകത്തിലെ എല്ലാ മതങ്ങളേയും രാജ്യങ്ങളേയും മനുഷ്യസമൂഹങ്ങളേയും പരിപാലിക്കുന്ന ദൈവമായിട്ടാണ് പറയുന്നത്. തന്റെ പരിപാലനവും നന്മയും എത്തിക്കുന്നതിന് ഈ ഭൂമിയിൽ ആരോടും വിവേചനം കാണിക്കുന്നില്ല. ലോകത്തുള്ള എല്ലാ നേതാക്കളും ശാന്തിയെക്കുറിച്ച് പ്രസംഗിച്ചിരുന്നെങ്കിൽ വളരെ നന്നായിരുന്നു.' അദ്ദേഹം വീണ്ടും പറയുന്നു: 'ഞാൻ അഹ്മദിയ്യാ ജമാഅത്തുമായി ഇപ്പോൾ ബന്ധത്തിൽ കഴിയാൻ ആഗ്രഹിക്കുകയാണ്. മസ്ജിദ് കാണാനും തീർച്ചയായും വരുന്നതായിരിക്കും.' അദ്ദേഹം സ്വയമേവ ഇസ്‌ലാമിന്റെ ദൈവം വേറൊന്നാണ്, ക്രൈസ്തവമതത്തിന്റെ ദൈവം മറ്റൊന്നാണ് എന്ന ഒരു ഭാവന വെച്ചു പുലർത്തുകയാണ്. എന്നാൽ, അവർക്ക് ശരിയായ യാഥാർഥ്യം പറഞ്ഞുകൊടുത്താൽ അത് സ്വീകരിക്കാൻ അവർ നിർബന്ധിതരായിരിക്കും.

പിന്നെ മൈൻസ്(Mainz) നഗരത്തിൽനിന്ന് ഒരു ചർച്ചിലെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. അവരിൽ ഒരാൾ പറയുന്നു: അയൽവാസികളോടുള്ള അവകാശങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇസ്‌ലാമികാധ്യാപനമാണ്. ഇത് എന്നെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയതും മനസ്സിന് ഹരം പകരുന്നതുമാണ്. ഏതെങ്കിലും മതപരമായ വ്യക്തിയിൽനിന്ന് ഇത്രമാത്രം അയൽവാസികളോടുള്ള കടമയെ സംബന്ധിച്ച് ഞാൻ ആദ്യമായാണ് കേൾക്കുന്നത്.

പിന്നീട് ലോഫോമിൽനിന്നു വന്ന ഒരു വക്കീലുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ചിന്തയുടെ വിശാലത ഞാനും എന്റെ ഓഫീസും മുമ്പേയും അത്ഭുതത്തോടെയാണ് കണ്ടിട്ടുള്ളത്. എന്നാൽ, ഇന്ന് അയൽവാസികളുടെ അവകാശത്തെ സംബന്ധിച്ച് അവിടന്ന് വിവരിച്ചിട്ടുള്ളതും അയൽവാസികളുടെ നിർവചനത്തിൽ വിശാലത വിവരിച്ചിട്ടുള്ളതും നഗരം മുഴുവനും ഈ വിപുലതയിൽ ഒന്നിച്ചാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്ന് ഞങ്ങളുടെ അത്ഭുതം വളരെ കൂടി. ഇപ്രകാരം നഗരവാസികൾക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ വേദനയുടേയും സഹിഷ്ണുതയുടേയും വൃത്തം കൂടുതൽ വിശാലമായിരിക്കുന്നു.

സൂസ്സന്നെ(Susanne)സാഹിബ നമ്മുടെ ഒരു അതിഥിയായിരുന്നു. അവർ ടീച്ചറാണ്. ടീച്ചർ പറയുന്നു: എനിക്ക് പ്രസംഗത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട കാര്യം എല്ലാ മനുഷ്യരുടേയും സ്രഷ്ടാവ് ഏകനാണെന്നും നമ്മളെല്ലാവരും ഏകനായ ദൈവത്തിൽ വിശ്വസിക്കുന്നുവെന്നും പറഞ്ഞതാണ്. ഈ കാര്യം നമ്മൾ എല്ലാവരും ഓർമവയ്ക്കേണ്ടതാണ്.

മറ്റൊരു വനിത, കോന്നീ(Conny) സാഹിബ പറയുന്നു. അവരുടെ ബന്ധം ഡൈ ഗ്രൂൻ(Die Grune) പാർട്ടിയുമായാണ്. വേസ്ബാദൻ നഗരത്തിലെ പാർലമെന്റിൽ ഇന്റിഗ്രേഷൻ വിഭാഗത്തിൽ ജോലി ചെയ്യുന്നു. കോന്നി സാഹിബ പറയുന്നു: 'എനിക്ക് ഈ പ്രഭാഷണം വളരെ പ്രോത്സാഹം നൽകുന്നതായി തോന്നി. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതും ഒരിക്കലും വിസ്മരിക്കാൻ സാധിക്കാത്തതുമായ ഒരു കാര്യം എല്ലാ അഹ്മദികളും അവരവരുടെ ചുറ്റുപാടുകളിൽ പ്രയോജനം നൽകുന്നവരായിരിക്കണം എന്നു പറഞ്ഞതാണ്. ഇക്കാര്യത്തിൽ അഹ്മദികൾ മാത്രമല്ല എല്ലാവരും പ്രവൃത്തിക്കേണ്ടതാണ്. എല്ലാ മുസ്‌ലിം വിഭാഗങ്ങളും അഹ്മദികളെപ്പോലെ ഓപ്പൺ മൈന്റഡ്(open minded) ആകുമായിരുന്നെങ്കിൽ ഒത്തൊരുമയോടെയുള്ള ജീവിതം വളരെ എളുപ്പമായിത്തീരുന്നതായിരിക്കും.' ഞാനിവിടെ ഇക്കാര്യം കൂടി വ്യക്തമാക്കുകയാണ്. നിസ്സംശയം നാമെല്ലാം ഒരുമയോടെ ജീവിക്കുന്നവരാണ്. എങ്കിലും ചിലർ ചിലപ്പോൾ വെറുപ്പ് പ്രകടിപ്പിക്കാറുണ്ട്. ആയതിനാൽ നമ്മുടെ അധ്യാപനങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അവരോട് സംസാരിക്കുക. ആ സൽസ്വഭാവത്തിന്റെ വൃത്തത്തിൽ നിന്നുകൊണ്ട് സുഖമായി നമ്മുടെ അധ്യാപനങ്ങൾ പറഞ്ഞുകൊടുക്കുവാനും സാധിക്കും. അതുകൊണ്ട് ഭയക്കേണ്ടതില്ല. ഇന്റിഗ്രേഷൻ എന്നതിന്റെ അർഥം ഉന്നത സൽസ്വഭാവങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ വ്യക്തമാക്കിക്കൊടുക്കുക എന്നാണ്.

എന്തായാലും ഇനി അടുത്ത അതിഥിയെക്കുറിച്ച് പറയുകയാണ്. ഇദ്ദേഹം സ്കൂളിൽ ഉസ്താദാണ്. അദ്ദേഹം പറയുന്നു:'എനിക്ക് ഇവിടെ ആദ്യമായാണ് ജമാഅത്തിനെ പരിചയപ്പെടാൻ കഴിഞ്ഞത്. വളരെ നല്ല സംവിധാനമായിരുന്നു. ഇത് വലിയ ഐക്യമാണ്. ഖലീഫ വിവരിച്ചത് സഹിഷ്ണുതയിൽ സമ്മർദം ചെലുത്തിക്കൊണ്ടാണ്. മറ്റു മതങ്ങളിലെ ആളുകളോടും അതുപോലെ എല്ലാ മനുഷ്യരോടും സ്നേഹത്തോടെ പെരുമാറുക. ഇന്നത്തെ സമൂഹത്തിൽ ഇത് വളരെ കുറഞ്ഞുപോയിരിക്കുന്നു. മറ്റു മതക്കാർ ഇക്കാര്യം മറന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ, നിങ്ങൾ അതിന് പ്രാധാന്യം നല്കിയിരിക്കുന്നു. ഇനി ഞാൻ നിങ്ങളുടെ മസ്ജിദിലും തീർച്ചയായും വരും. എന്റെ മനസ്സിലുണ്ടായിരുന്ന എല്ലാ ചോദ്യങ്ങൾക്കും പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

ഒരു തദ്ദേശ ആശുപത്രിയിലെ ഡോക്ടർ പറയുന്നു: മതപരമായ വൃത്തങ്ങളിൽനിന്ന് ഇത്തരം അധ്യാപനം കിട്ടുകയാണെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇന്നത്തെ പ്രസംഗത്തിൽ പറഞ്ഞതാണ്. സമൂഹത്തിൽ മാനുഷികമായ മൂല്യങ്ങളുടെ ആദരവ് സ്ഥാപിതമാക്കാൻ കഴിയും. ചർച്ചും അത്തരം വീക്ഷണങ്ങൾ പൊതുവാക്കേണ്ടിവരും.ഇപ്പോൾചർച്ച്ധാരാളംചോദ്യങ്ങളിൽനിന്ന് കണ്ണടക്കുകയാണ്.' ഇദ്ദേഹം ക്രിസ്തുമതക്കാരനാണ്. ഇദ്ദേഹം പറയുന്നു: 'ഇപ്പോൾ ചർച്ച് ഒരുപാട് ചോദ്യങ്ങളിൽനിന്ന് കണ്ണടച്ചുകളയുന്നു. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സാധ്യതയുള്ള എല്ലാ ചോദ്യങ്ങളും ആക്ഷേപങ്ങളുമെടുത്തുകൊണ്ട് പല വശത്തൂടെയും അതിന് മറുപടി നല്കുന്നു. നിർഭയനായി ഇസ്‌ലാമിന്റെ വീക്ഷണം വ്യക്തമാക്കുന്നു.' പിന്നീട് പറയുന്നു: സന്തോഷകരമായ കാര്യം അദ്ദേഹത്തിന്റെ എല്ലാ വിശദീകരണവും വ്യാഖ്യാനവും മനുഷ്യസമൂഹങ്ങളെ ശാന്തിയിലേക്കും അനുരഞ്ജനത്തിലേക്കും സ്നേഹത്തിലേക്കും കൊണ്ടുപോകുന്നതാണ്.

ഒരു വനിത അതിഥിയാണ് ഹേക് ബ്രാ ഡർ (Heike Brader) സാഹിബ. അവർ പറയുന്നു: മുഴു ലോകത്തിന്റെയും റബ്ബുൽ ആലമീനാണ് ദൈവമെന്ന് അദ്ദേഹം പറഞ്ഞു. ഇത് ദൈവത്തെ സംബന്ധിച്ച് എത്രമാത്രം വിശാലമായ സങ്കല്പമാണെന്നാൽ എനിക്കത് വളരെ താൽപര്യത്തിന് നിമിത്തമായി. ദൈവം ഏകനായിട്ടും എല്ലാ മതങ്ങളുടേയും എല്ലാ മനുഷ്യരുടേയും ജനതകളു

---

**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

---

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.'**
**(കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

ടേയും ദൈവമാണെന്നത് അത്ഭുതമുളവാക്കുന്ന കാര്യമാണ്. അവൻ എല്ലാവരേയും ഒരു വ്യത്യാസവും കൂടാതെ പരിപാലിക്കുന്നു. എല്ലാ ചിന്തിക്കുന്നവർക്കും ബുദ്ധിമാന്മാർക്കും തൗഹീദ് അംഗീകരിക്കാതെ നിവർത്തിയില്ല. ഏകനായ ദൈവത്തെ വിശ്വസിക്കുക എന്നത് അവർക്ക് നിർബന്ധമാണ്. ആ ദൈവം എല്ലാ ശക്തികളുടേയും ഉടമസ്ഥനാണ്. അഹ്മദികൾ തൗഹീദിന്റെ സന്ദേശം ഓരോരുത്തർക്കും എത്തിച്ചുകൊടുക്കാൻ ഉത്തരവാദപ്പെട്ടവരാണ്.'

ഒരു വനിത ബാവർ(Bauer)സാഹിബ പറയുന്നു: 'എന്നെ സംബന്ധിച്ചിടത്തോളം ഒരു അനുഗൃഹീതമായ സദസ്സിൽ പങ്കെടുത്തുവെന്നത് വലിയ ബഹുമതിക്ക് നിമിത്തമാണ്. ചില ആശങ്കകളും ചില തെറ്റായ ധാരണകളും എന്റെ മനസ്സിലുണ്ടായിരുന്നു. അത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ വ്യക്തമായ നിലപാടിലും ഇസ്‌ലാമികാധ്യാപനങ്ങളുടെ യഥാർഥമായ വ്യാഖ്യാനത്തിലും വിശദമായി അകറ്റി. ഇപ്പോൾ എനിക്ക് ഒരുപാട് കാര്യങ്ങൾ വ്യക്തമായി കഴിഞ്ഞിരിക്കുന്നു.'

ഒരു അതിഥി പറയുന്നു:'സമാധാനം സ്ഥാപിക്കുന്നതിന്  ഇവിടെ വിവരിക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം മറ്റുള്ളവരുടെ മൂല്യങ്ങൾ മുമ്പിൽ വെക്കുക എന്നതാണ്. ഇസ്‌ലാമിൽ വിവിധ കക്ഷികളുണ്ടെന്ന് എനിക്ക് അറിയാമായിരുന്നു. പക്ഷേ, ഇത്രമാത്രം സമാധാനത്തെ ഇഷ്ടപ്പെടുന്നവരുടെ ജമാഅത്തിനെ സംബന്ധിച്ച് എനിക്കറിയില്ലായിരുന്നു.'

മുക്താരി(Muktari) സാഹിബ്, വേസ്ബാനിലെ പോലീസ് വകുപ്പിൽ ജോലി ചെയ്യുന്ന അദ്ദേഹം പറയുന്നു: ഇന്നത്തെ പരിപാടി വ്യക്തമാക്കുന്നത് മുസ്‌ലിമീങ്ങൾ തങ്ങളുടെ മറ്റൊരു ചിത്രവും കാണിക്കാനാഗ്രഹിക്കുന്നുവെന്നാണ്. ഇസ്‌ലാം യഥാർഥത്തിൽ സമാധാനം ഇഷ്ടപ്പെടുന്ന മതമാണ്. ആഫ്രിക്കയിലും നിങ്ങൾ വിവിധ പ്രൊജക്റ്റുകൾ ചെയ്യിപ്പിച്ചുവരുന്നുവെന്ന് പറഞ്ഞത് എനിക്ക് വളരെ നന്നായി തോന്നി.

പിന്നീട് ഫുൽഡ(Fulda)യിൽ മസ്ജിദ് ബയ്ത്തുൽ ഹമീദിന്റെ ഉദ്ഘാടനമായിരുന്നു. ഈ ചടങ്ങിലും 330 അതിഥികൾ പങ്കെടുത്തു. അവിടത്തെ ലോർഡ് മേയർ വന്നിരുന്നു. പക്ഷേ, ലോർഡ് മേയർ വെളിയിൽ എന്നെ സ്വീകരിച്ച് പിന്നെ മടങ്ങിപ്പോയി. പ്രദേശങ്ങളിലെ മറ്റു മേയർമാരും വന്നിരുന്നു. കൗൺസിലിന്റെ അംഗങ്ങളും മുൻപാർലമെന്റംഗവും വിവിധ പാർട്ടികളുടെ ചെയർമാന്മാരും മതപരമായ സമ്മേളനകമ്മിറ്റിയായ റൗണ്ട് ടേബിളിന്റെ ചെയർമാനും വന്നിരുന്നു. ഫുൾഡായിൽ പൊതുവെ മുസ്‌ലിമീങ്ങൾക്കെതിരിൽ ഒരുപാട് ആശങ്കകളുണ്ട്. എന്നല്ല എതിർപ്പുണ്ട്. ഇത് ക്രൈസ്തവമതത്തിന്റെ ഒരു പുരാതന താവളമാണ്. തങ്ങളുടെ പാരമ്പര്യങ്ങളെ നിലനിറുത്തുന്ന നഗരമാണ്. കുറഞ്ഞപക്ഷം ചർച്ച് ആഗ്രഹിക്കുന്നത് ഈ പാരമ്പര്യങ്ങൾ നിലനില്ക്കണമെന്നാണ്. പക്ഷേ, അവിടെയും ആളുകൾ ക്രിസ്തുമതത്തിൽനിന്ന് ഒരുപാട് അകന്നുപൊയ്ക്കൊണ്ടിരിക്കുന്നു. എന്തായാലും ഭയം കാരണത്താൽ ചർച്ചിന്റെ പ്രതിനിധികൾ വന്നില്ല. ചില രാഷ്ട്രീയക്കാരും വന്നില്ല. ഇപ്രകാരം ലോർഡ് മേയറും അവിടെ കുത്തിയിരുന്നു. താൻ പ്രസംഗിക്കുകയില്ലെന്നും വന്നു സ്വീകരിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞതാണ്. എന്തായാലും ജനങ്ങളെ ഭയന്ന് അദ്ദേഹം സ്റ്റേജിലിരുന്നില്ല. അവിടെ വന്ന അതിഥികളുടെ പ്രതികരണങ്ങൾ.

ഒരു അതിഥി ഹറാൽഡ്(Harald) സാഹിബ് പറയുന്നു: അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞത് കൂട്ടായ്മയിൽ നമ്മളെല്ലാവരും ചേർന്നിരിക്കണമെന്നാണ്. അക്കാരണത്താൽ പരസ്പരം ഐക്യം ഉണ്ടാക്കാനും ഗ്ലോബൽ സമാധാനത്തിന്റെ അടിത്തറ പാകാനും കഴിയും. ഇദ്ദേഹം പറയുന്നു: അതിനുള്ള മാർഗം ഇവിടെ പറയപ്പെട്ടത് അതിന്റെ പ്രവർത്തനം നിലവിലെ അവസ്ഥകളിൽ അങ്ങേയറ്റം നല്ല നിലയിൽ നടപ്പിൽ വരുത്താൻ കഴിയുമെന്നാണ്. ഇന്ന് ലോകത്തിന് അതിന്റെ ആവശ്യമുണ്ട്. വീണ്ടും പറയുന്നു: ഇതിനു മുമ്പേ ഞങ്ങൾക്കു പരിചയമുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ അത് ഇസ്‌ലാമിന്റെ ശരിയായ ചിത്രം നൽകുന്നതല്ലെന്ന് ഞാൻ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ ഇന്നത്തെ സായാഹ്നം എനിക്കുവേണ്ടി ഒരു പോസിറ്റീവും സമാധാന നിർഭരവുമായ സന്ദേശം കൊണ്ടുവന്നു.

ഒരു തദ്ദേശ സ്കൂളിലെ അധ്യാപകൻ ഹൂദൂറിന്റെ പ്രഭാഷണത്തെക്കുറിച്ചു പറഞ്ഞു: 'ഇക്കാര്യങ്ങൾ സ്കൂളിലെ വിദ്യാർഥികളെ കേൾപ്പിച്ചുകൊണ്ട് നിങ്ങളെന്താണ് ഇതിൽ നിന്ന് മനസ്സിലാക്കിയതെന്നും ഇത്ര മനോഹരമായ അധ്യാപനങ്ങൾ ഏതു മതത്തിന്റേതായിരിക്കുമെന്നാണ് നിങ്ങൾക്ക് തോന്നുന്നതെന്നും അവരോട് ചോദിക്കുകയുമാണ് ചെയ്യേണ്ടത്. പറയുന്നു: കുറഞ്ഞ പക്ഷം നിങ്ങൾ ഇതിന്റെ ഓഡിയോ എനിക്ക് നിർബന്ധമായും ലഭ്യമാക്കുക. എന്റെ സ്കൂളിലെ കുട്ടികളുമായി ഈ സായംസന്ധ്യയിലെ അവസ്ഥ ഞാൻ പങ്കു വെക്കട്ടെ!

ഇതിനോടു ചേർന്നുള്ള ഒരു നഗരത്തിന്റെ മേയർ പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇരുപക്ഷത്തിന്റേയും ആശങ്കകളും ബന്ധങ്ങളും തമ്മിലുള്ള താരതമ്യം അവതരിപ്പിച്ചു. സമൂഹത്തിലെ വിഭാഗങ്ങളിൽ നിലവിലുള്ള പരസ്പര വടംവലിയുടെ കാരണങ്ങളും തുറന്നു പറഞ്ഞു. പരസ്യമായ വാക്കുകളിൽ ആ കർമങ്ങളുടെ അടയാളങ്ങളും രേഖപ്പെടുത്തി. അത് സമൂഹത്തിന്റെ സമാധാനം തകർക്കുന്നതാണ്. എന്നാൽ, ഇതുണ്ടായിട്ടും ഏതെങ്കിലും വിഭാഗമോ കക്ഷിയോ സംഘമോ അതിനെതിരെ ഒരു കഠിനമായ കാര്യവും പറഞ്ഞില്ല. മറിച്ച് മനുഷ്യന്റെ ഉദ്ദേശ്യലക്ഷ്യം അന്താരാഷ്ട്ര മാനുഷികമൂല്യങ്ങളെ സംബന്ധിച്ച് ഫുഡ് ഫോർ തോട്ട് (food for thought)എന്ന രീതിയിൽ സംസാരിച്ചുപോകുകയാണ് ചെയ്തത്.

അവിടുത്തെ ഒരു ഡോക്ടർ കോഹിലർ (Koehler) പറഞ്ഞു: 'എന്നെ ഇക്കാര്യം വളരെ ആകർഷിച്ചു. നിങ്ങൾ എത്രമാത്രം തുറന്നഹൃദയരാണ്. ഇതാണ് നിങ്ങളുടെ ഖലീഫ ഇന്ന് ഉപദേശിച്ചുകൊണ്ടിരുന്നത്. മാനുഷികമായ മൂല്യങ്ങളുടെ സംസ്ഥാപനത്തിന് തങ്ങളുടെ മനസ്സുകളെ തുറക്കേണ്ടിവരും. ആശങ്കകൾ അകറ്റേണ്ടിവരും.' തുടർന്നുപറയുന്നു: ഞാനും എന്റെ ആശുപത്രിയിൽ അന്താരാഷ്ട്രമതങ്ങളുടെ ബന്ധത്തെ സംബന്ധിച്ച് ജനങ്ങൾക്ക് ആത്മീയമായ സമാധാനം പകരുന്നതിന് ശ്രമിക്കാറുണ്ട്. ഈ സമാധാനവും ശാന്തിയും എനിക്ക് ഇന്നത്തെ പരിപാടിയിൽ കാണാൻ കഴിഞ്ഞു. എനിക്ക് ഇവിടെ പങ്കെടുക്കാൻ അവസരം കിട്ടിയതിൽ ഞാൻ വളരെ സന്തോഷവതിയാണ്.

പിന്നീട് ബെർലിനിൽ 'ഇസ്‌ലാമും യൂറോപ്പും'(Islam and Euorope) എന്ന വിഷയത്തിൽ പ്രഭാഷണം നടന്നിരുന്നു. അല്ലെങ്കിൽ സിവിലൈഷനും(Civilization)കൾച്ചറും തമ്മിലുള്ള താരതമ്യം. ഇതിൽ ദേശീയ അസംബ്ലിയിലെ 27 അംഗങ്ങളും  വിദേശകാര്യവകുപ്പിന്റെ മൂന്ന് പ്രതിനിധികളും അവരിൽ മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും ഡയറക്ടർമാരും 5 പ്രൊഫസർമാരും ഉണ്ടായിരുന്നു. അവരിൽ ബർലിൻ യൂണിവേഴ്സിറ്റിയുടെ വൈസ്പ്രസിഡണ്ട് ജർമനിയിൽ മധ്യപൂർവ്വദേശത്തെ ഇപ്പോൾ അവാർഡ് നേടിയ പ്രൊഫസർ സ്റ്റെയിൻ ബച്ചും അവർക്ക് പുറമെ യു.എസ്.എ. ഫ്രാൻസ് എംബസികളുടെ പൊളിറ്റിക്കൽ ഓഫീസർമാരും സർക്കാരിന്റെ വിവിധ പ്രതിനിധികളും വിവിധ മതങ്ങളുടേയും ചർച്ചുകളുടെയും കമ്മ്യൂണിറ്റികളുടെയും പ്രതിനിധികളും പ്രസ്സിന്റേയും മീഡിയയുടേയും പ്രതിനിധികളും ആംനസ്റ്റി ഇന്റർനാഷണലിന്റെ പ്രതിനിധികളും പങ്കെടുത്തിരുന്നു.

പാർലമെന്റ് അംഗമായ അലക്സാണ്ടർ(Alexander) സാഹിബ് പറയുന്നു: 'ഏതൊരു ശാന്തിയേയും സമാധാനത്തേയും കുറിച്ചാണോ സന്ദേശം നല്കിയത് അത് ഖുർആനിൽനിന്നെടുത്തതാണ്. താൻ പറഞ്ഞതിനുള്ള തെളിവു ഖുർആനിൽനിന്നും നബിവചനങ്ങളിൽനിന്നുമാണ് നല്കിയത്. ഈ വിഷയം പുതിയതായിരുന്നുവെങ്കിലും കാലിക പ്രസക്തവുമായിരുന്നുവെങ്കിലും വർത്തമാന കാലവുമായി  ബന്ധപ്പെട്ടതായിരുന്നുവെങ്കിലും ഖലീഫ അദ്ദേഹത്തിന്റെ വീക്ഷണം അതായത് ഇസ്‌ലാമിന്റെയും വിശുദ്ധ ഖുർആനിന്റെയും അടിത്തറ തന്നെ നിലകൊള്ളുന്നത് സഹാനുഭൂതിയുടെയും ശാന്തിസമാധാനത്തിന്റെയും അധ്യാപനങ്ങളിലാണ് എന്നത് ഇസ്‌ലാമിന്റെ പുരാതന പ്രമാണങ്ങളുടെ  പിൻബലത്തിൽത്തന്നെയാണ് തെളിയിച്ചു കാണിച്ചത്. ഞാൻ വിചാരിക്കുന്നത് ഈ പ്രസംഗം വിശാലമായരീതിയിൽ പ്രചരിപ്പിക്കപ്പെടണമെന്നാണ്; അതായത് പാശ്ചാത്യരാജ്യത്ത് ഇസ്‌ലാമിനെക്കുറിച്ച് അതിന്റെ യഥാർഥ അധ്യാപനം പൊതുജനങ്ങൾക്ക് മനസ്സിലാകുന്നതിനുവേണ്ടി.

നീൽ അണ്ണൻ സാഹിബ് (Niel Annen)പ്രതിരോധ മന്ത്രിയാണ്. അദ്ദേഹം പറയുന്നു: എത്രമാത്രം വിശദീകരണത്തോടും വ്യക്തമായും അനുഭവപരിചയത്തോടുംകൂടി അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇസ്‌ലാം അഹ്മദിയ്യത്തിനേയും മൊത്തത്തിലുള്ള മതങ്ങളേയും സമൂഹങ്ങളേയും മനസ്സിലാക്കി. അത് മനസ്സിലാക്കിയശേഷം അഹ്മദിയ്യാ ജമാഅത്ത് മനുഷ്യാവകാശത്തിന്റെ സംരക്ഷണത്തിന് ശബ്ദമുയർത്തുക. ഏതെങ്കിലും മതത്തിന്റേയും കക്ഷിയുടേയും സഹായമല്ല മറിച്ച്, സംഘടിതമായും ആഗോളതലത്തിലും മാനുഷികമായ മൂല്യങ്ങളുടെ സംരക്ഷണത്തിനും വേണ്ടി ശ്രമിക്കുന്നതായിരിക്കും.

പിന്നീട് ക്രിസ്റ്റോ സ്ട്രാക് (Christoph Strack) സാഹിബ് പറയുന്നു: 'ഞാൻ എന്റെ ജീവിതത്തിൽ ആദ്യമായാണ് മുസ്‌ലിമീങ്ങൾ സംഘടിപ്പിച്ചിട്ടുള്ള ഈ പ്രോഗ്രാം കാണുന്നതും ഇതിൽ പങ്കെടുക്കുന്നതും. മൊത്തത്തിലുള്ള അന്തരീക്ഷം എത്രമാത്രം സമാധാനപരവും അതിലുണ്ടായ ചർച്ച എത്രമാത്രം പ്രമാണബദ്ധവുമായിരുന്നു. എനിക്ക് സന്തോഷമായി. ആരുടെയെങ്കിലും ദൃഷ്ടി ബാഹ്യമായ സംസ്കാരത്തിന്റേയും നാഗരികതയുടേയും സമൂഹത്തിന്റേയും പുരോഗതിയുടേയും ഉള്ളിൽ മറഞ്ഞിരിക്കുന്നുവെങ്കിൽ ഭിന്നതകൾ കാണുന്നുണ്ടാകും.'അദ്ദേഹം പറയുന്നു: 'ഇതിൽ അദ്ദേഹം തുറന്നനിലയിൽ മനുഷ്യത്വത്തിന്റെ തലയ്ക്കുമീതെ ആടിക്കൊണ്ടിരിക്കുന്ന ആണവയുദ്ധത്തെക്കുറിച്ചും തുറന്നവാക്കുകളിൽ പറഞ്ഞു.'

ക്രിസ്റ്റിന ബോഷോൽസ് (Christine Buchhols) സാഹിബ പറയുന്നു: 'അവർ പാർലമെന്റംഗമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വർത്തമാനകാല അവസ്ഥകളുടെ നാഡിമിടിപ്പ് തികച്ചും ശരിയായ നിലയിൽ മനസ്സിലാക്കിയിരിക്കുന്നു. കാരണം അദ്ദേഹത്തിന്റെ വിലയിരുത്തൽ ശരിയാണ്. അതുകൊണ്ട് സാമൂഹികമായ അസമാധാനം ഒഴിവാക്കാൻ അദ്ദേഹം എന്തൊരു ചികിത്സയാണോ പറഞ്ഞിരിക്കുന്നത് അത് നടത്തേണ്ടതാണ്.

വേറൊരു വനിതാ പാർലമെന്റംഗം സാക്കിലിൻ(Zaklin)സാഹിബ പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ നിലപാട് വിവിധ വശത്തൂടെ വ്യക്തമാക്കി. അതിലൊരു സംശയവും അവശേഷിക്കുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ ഓരോ വാക്കിനോടും യോജിക്കുകയാണ്.'

പ്രൊഫസർ ഹെർബട്ട് ഹേർട്ടേ(Heribert Hirte) പറയുന്നു: അഹ്മദിയ്യത്തിനെ വിദ്യാഭ്യാസ മേഖലയിൽ പ്രശോഭിതമാക്കി കൊണ്ട് മറ്റ് മതസംഘടനകൾക്കു മേൽ വ്യതിരിക്തമായ സ്ഥാനത്ത് അവരോധിക്കുകയുണ്ടായി. ഏതൊരു ജമാഅത്തിലെ ആളുകളാണോ വിദ്യഭ്യാസ കാര്യത്തിൽ ഇത്രയധികം ശ്രദ്ധ നല്കുന്നത് അവരുടെ സ്ഥാ

നംതന്നെ നേതൃത്വം കൊടുക്കുക എന്നതാണ്. അല്ലാതെ അന്ധമായ വിശ്വാസമല്ല.

പിന്നെ ഒരു പാർലമെന്റംഗം ആക്സൽ (Axel) സാഹിബ് പറയുന്നു: 'ഈ പ്രസംഗം വീണ്ടും പോയി വായിക്കുന്നതായിരിക്കും. ഞാൻ മനസ്സിലാക്കുന്നിടത്തോളം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്നതുമായിരിക്കും.'

സബയ്ൻ ലീഡിഗ് (Sabine Leidig)സാഹിബ പറയുന്നു: എനിക്ക് ഒരു മതവുമായും ബന്ധമൊന്നുമില്ല. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മനുഷ്യന്റെ വരുംതലമുറയുടെ വേദന മുൻകൂട്ടി ഉൾക്കൊണ്ടുകൊണ്ട് ഇന്നത്തെ നേതൃത്വത്തെ ജാഗ്രതപ്പെടുത്തിയിരിക്കുകയാണ്. അത് എന്റെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ചു. ഈ സന്ദേശം പൊതുവായി പ്രചരിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോകുകയാണ്; മൊത്തത്തിൽ മനുഷ്യന്റെ ബോധശക്തി ഉണർന്ന് പ്രവർത്തിക്കാനും അടുത്ത തലമുറയുടെ ഉത്തരവാദിത്വത്തെ കുറിച്ച് ബോധവാന്മാരാകനും.

ക്രിസ്റ്റഫ് ഗുൽട്ട്മാൻ(Christoph Gultman) സാഹിബ് പ്രൊഫസറാണ്. അദ്ദേഹം പറയുന്നു: 'പരിപാടി എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പ്രസംഗത്തിൽനിന്ന് എനിക്ക് ഒരുപാട് പഠിക്കാൻ അവസരം കിട്ടി. വിശുദ്ധഖുർആന്റെ ഒരുപാട് ഉദ്ധരണികൾ ഞാൻ ഒപ്പത്തിനൊപ്പം നോട്ടും ചെയ്തിട്ടുണ്ട്. അവയെല്ലാം ഞാൻ വീട്ടിൽപോയി വീണ്ടും പഠിക്കുന്നതായിരിക്കും.'

ക്രൈസ്തവ അതിഥി പറയുന്നു: 'ഇസ്ലാം സമാധാനത്തിന് ഇത്രമാത്രം പ്രാധാന്യം നല്കുന്നുവെന്നും ശാന്തി പ്രാപിക്കാൻ ആഗ്രഹിക്കുന്നുവെന്നും ഇതിന് മുമ്പേയൊരിക്കലും ഞാൻ കേട്ടിട്ടില്ല. ഇക്കാര്യം എന്നെ വളരെ സന്തോഷിപ്പിച്ചു. ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം ഇന്ന് വിവിധ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ കേട്ടിട്ടുണ്ട്. ഇതുപോലെതന്നെ യഹൂദിറബ്ബിമാരേയും മറ്റു മുസ്ലിം കക്ഷികളുടെ ആളുകളേയും എനിക്ക് ഇവിടെ കാണാൻ കഴിഞ്ഞു.

ഒരു അതിഥി പറയുന്നു: 'പ്രസംഗത്തിൽ എല്ലാ ഓരോ വ്യക്തിയേയും എങ്ങനെ സമാധാനം സ്ഥാപിക്കാമെന്ന അയാളുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. എല്ലാ മനുഷ്യരും ശാന്തിയോടും സമാധാനത്തോടുംകൂടി ഒരുമിച്ച് ജീവിക്കണമെന്ന് വളരെ ലളിതമായ വാക്കുകളിൽ വ്യക്തമാക്കി. അതിന് ഏറ്റവും അത്യാവശ്യമായിട്ടുള്ളത് പരസ്പരം ആദരിക്കുക എന്നതാണ്. ലോകത്ത് എല്ലാ വസ്തുക്കളും മതിയായ അളവിൽ ഉണ്ടെന്നും അത് എല്ലാവർക്കും മതിയായതാണെന്നും അത് ശരിയായ നിലയിൽ ഉപയോഗിക്കണമെന്നും അദ്ദേഹം വിവരിച്ചു.

ഒരു അതിഥി പറയുന്നു: 'അദ്ദേഹം ഒരുപാട് കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. ഏറ്റവുമാദ്യം പറഞ്ഞത് ഇക്കാലത്ത് സമൂഹങ്ങളിൽ മതത്തിന് പ്രാധാന്യം നല്കപ്പെടുന്നില്ല എന്നാണ്. മതത്തെ നെഗറ്റീവായ ദൃഷ്ടിയോടെ നോക്കുന്നു.' പറയുന്നു: 'ഇക്കാര്യം ക്രിസ്ത്യാനികളും മനസ്സിലാക്കുന്നുണ്ട്. ഇതിനുപുറമെ ഖലീഫയുടെ പ്രസംഗത്തിൽ ഏറ്റവും പ്രധാനമായി തോന്നിയത് വിദ്യാഭ്യാസത്തിന്റേയും തർബിയ്യത്തിന്റെയും പ്രാധാന്യമാണ്. ഇതുസംബന്ധമായി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഒരു മാതൃകയാണ്. കാരണം മനുഷ്യർക്ക് അറിവുണ്ടാകുമ്പോൾ അതായത് അവരുടെ പവിത്രഗ്രന്ഥം എന്താണ് പറയുന്നതെന്ന്, എന്ത് അധ്യാപനമാണ് നല്കുന്നതെന്ന് മനസ്സിലാകുമ്പോൾ പിന്നെ ഒരുപാട് പ്രയാസങ്ങളിൽ നിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയും. അതുകൊണ്ട് ഇത് ഇന്ന് അഹ്മദി യുവാക്കളുടേയും ഉത്തരവാദിത്വമാണ്. പ്രത്യേകിച്ചും ഇവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ വിശുദ്ധഖുർആൻ പഠിക്കുക, മനസ്സിലാക്കുക. അപ്പോൾ അതിൽ ചിന്തിക്കാൻ അവർ നിർബന്ധിതരാകും. ഇതിന്റെ യുക്തി മനസ്സിലാക്കുക. ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുക. ഈ അധ്യാപനത്തെ വിശ്വസിക്കുക.'

ആംനസ്റ്റി ഇന്റർനാഷണലിലെ വാർത്താലേഖകൻ പറയുന്നു: 'എന്തെല്ലാം കാര്യങ്ങളാണോ പറയപ്പെട്ടത് അത് കേട്ടിട്ട് മനസ്സിന് വളരെ സംതൃപ്തി തോന്നി. തന്റെ മറ്റു ഖലീഫമാരെ ഉദ്ധരിച്ച് അദ്ദേഹം സംസ്കാരത്തിനും കൾച്ചറിനും നിർവചനം വിവരിച്ചു. രണ്ടിനും പരസ്പരബന്ധം പറഞ്ഞു. ഇതുമുഖേന ആധുനിക കാലഘട്ടത്തിലെ ബുദ്ധിമാന്മാർ നിഷേധിക്കുകയില്ല.' പറയുന്നു: 'ഖലീഫ വിശുദ്ധഖുർആന്റെ ആയത്തുകൾ വളരെ നല്ലരീതിയിൽ വിശദീകരിച്ചു. ഈ ആയത്തുകളൊക്കെ ഇസ്ലാമിന്റെ വിരോധികൾ വാലും തലയും വെട്ടി വികലമാക്കി അവതരിപ്പിക്കുന്നതാണ്.'

നഹാവന്തി(Nahawandi)സാഹിബ പറയുന്നു: 'ഈ പ്രസംഗം യൂറോപ്പിൽ വ്യാപകമായനിലയിൽ പ്രചരിപ്പിക്കുന്നതുകൊണ്ട് ഇസ്ലാമിന്നെതിരിലുണ്ടായിട്ടുള്ള എല്ലാ ആശങ്കകളും അകലുന്നതായിരിക്കും. ഏകപക്ഷീയമായനിലയിൽ കാണപ്പെടുന്ന നെഗറ്റീവായിട്ടുള്ള പ്രതികരണങ്ങൾ അകലുന്നതായിരിക്കും.'

പിന്നീട് മഹ്ദിയാബാദിലെ മസ്ജിദിന്റെ ഉദ്ഘാടനമായിരുന്നു. ഇതിലും ജർമനിയിലെ നാഷണൽ പാർലമെന്റിലെ അംഗമുണ്ടായിരുന്നു. പ്രദേശത്തെ ലോർഡ് മേയർ, സംസ്ഥാന അസംബ്ലിയിലെ അംഗങ്ങൾ സംസ്ഥാന അസംബ്ലിയിലെ ഡപ്യൂട്ടി സ്പീക്കർ, പ്രദേശത്തെ 5 മേയർമാർ, അഞ്ച് ഡിസ്ട്രിക്ട് പാർലമെന്റിലെ ചെയർമാന്മാർ പങ്കെടുത്തിരുന്നു. ഈ ചടങ്ങിൽ നൂറ്റി എഴുപതോളം അതിഥികളാണ് പങ്കെടുത്തത്.

വൈസ് മേയറായ ഒരു അതിഥി, ഇവർ ഒരു വനിതയാണ് പറയുന്നു: 'ഞാൻ തീർച്ചയായും മടങ്ങിച്ചെന്ന് ഖലീഫയുടെ വാക്കുകൾ പ്രചരിപ്പിക്കുന്നതായിരിക്കും. എപ്പോഴെങ്കിലും ഇസ്ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കപ്പെടുന്നത് കണ്ടാൽ കാലത്തിന്റെ ഖലീഫയുടെ ഈ നിർദേശങ്ങൾ സമർപ്പിച്ചുകൊണ്ട് ഞാൻ ഇസ്ലാമിനുവേണ്ടി പ്രതിരോധിക്കാൻ ശ്രമിക്കുന്നതാണ്. അദ്ദേഹം ഇന്ന് അതിഥികളായ നമ്മളെ മാത്രമല്ല സംബോധന ചെയ്തത് മറിച്ച് തന്റെ ജമാഅത്തിലെ അംഗങ്ങളോടും പറഞ്ഞു നിങ്ങൾ മസ്ജിദ് നിർമിച്ചതിനുശേഷം ആദ്യത്തേക്കാളുപരി മാനവസേവ ചെയ്യേണ്ടതാണെന്ന്.

ആഞ്ചെലിക്കാ(Angelika) സാഹിബ പറയുന്നു: 'ഈ പ്രസംഗത്തിൽനിന്ന് എനിക്ക് കിട്ടിയ പാഠം നമ്മൾ ഇതിനെ കുറിച്ച് ചിന്തിക്കണമെന്നാണ്. നമ്മൾ മറ്റുള്ളവരോട് നിത്യവും ഏതുരീതിയിലാണ് പെരുമാറുന്നത്. നമ്മൾ സുഹൃത്തുക്കളേയും അന്യരേയും സഹായിക്കേണ്ടതാണ്.'

ഒരു അതിഥി പറയുന്നു: 'ഇവിടെ വന്നത് വളരെ നന്നായി തോന്നി. ഇസ്ലാമിനെക്കുറിച്ചുള്ള ധാരാളം ആശങ്കകൾ അകന്നു. എപ്രകാരമാണോ സഹിഷ്ണുതയുടെ വശം വിവരിച്ചത് അതെല്ലാം എല്ലാ മതങ്ങൾക്കും പ്രാധാന്യമുള്ളതാണ്.'

മറ്റൊരു അതിഥി ഉൽഫ്(Ulf)സാഹിബ്, അദ്ദേഹം കൺസൾട്ടന്റ് ഓഫ് മിനിസ്റ്റർ പ്രസിഡണ്ടാണ്. അദ്ദേഹം പറയുന്നു: 'പ്രസംഗത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് എല്ലാ മതങ്ങളിലും ഐക്യമുണ്ടാക്കണമെന്ന് പറഞ്ഞ വശമാണ്. ഞാനൊരു ക്രൈസ്തവചർച്ചിന്റെ അംഗമാണ് എന്നിട്ടും ഞങ്ങളുടെ ആരാധനയുടെ രീതിയും നിങ്ങളുടെ മതത്തിലെ ഒരുപാടു കാര്യങ്ങളും അഭിപ്രായവ്യത്യാസമുള്ളതായിരിക്കും. പക്ഷേ, എന്നിട്ടും ജമാഅത്തിന്റെ ഇമാം എല്ലാവർക്കും സുസമ്മതമായ വശമാണ് വിവരിച്ചത്. എന്റെ വിശ്വാസമെന്താണെന്നാൽ നമുക്കെല്ലാം ഏകനായ ദൈവമേയുള്ളൂ. ആരാധനാരീതി വ്യത്യസ്തമാണെന്നേയുള്ളൂ.'

ഒരതിഥി വൈറ്റക്കെ(Witecke)സാഹിബ് പറയുന്നു: തന്റെ പ്രസംഗത്തിൽ സ്ത്രീകളുടെ സ്ഥാനത്തെ വളരെ നല്ലരീതിയിൽ വിവരിച്ചു. ഇതിൽനിന്ന് ഇസ്ലാമിൽ സ്ത്രീകളുടെ സ്ഥാനവും സമൂഹത്തിൽ സ്ത്രീകളുടെ ആദരവും പ്രകടമാകുന്നു. അവരുടെ നെഞ്ചകങ്ങൾ തുറക്കാനും ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനത്തെ മനസ്സിലാക്കാനും ദൈവം അനുഗ്രഹിക്കട്ടെ. അത് സ്വീകരിക്കുന്നവരാക്കട്ടെ. യഥാർഥമായ തൗഹീദിനെ വിശ്വസിക്കുന്നവരാക്കട്ടെ. നബി(സ) തിരുമേനിയുടെ പതാകക്ക്കീഴിൽ വരുന്നവരാക്കട്ടെ. ഇവിടെയാണ് അവരുടെ അനശ്വരത. ഇല്ലെങ്കിൽ ഇവിരുടെ ചിന്ത താൽക്കാലികമായ ഭൗതികഅഭിവൃദ്ധികളായിരിക്കും. അവരുടെ അനശ്വരതയ്ക്ക് അത് ഒരു ഉറപ്പും നല്കുന്നില്ല.

മാധ്യമങ്ങളെക്കുറിച്ചും ചില കാര്യങ്ങൾ പറയുകയാണ്. ഹോളണ്ടിൽ രണ്ട് മാധ്യമചാനലുകൾ ആർടിവി നൺസ്പീറ്റും, യൂറോ ടൈംസും ഇതിൽ രണ്ടിലും റിപ്പോർട്ടുകൾ വന്നു. 75,000 ആളുകൾവരെ സന്ദേശമെത്തി. ബയ്ത്തുൽ ആഫിയത്ത് അൽമേരയിലെ ടിവി ചാനലിൽ റിപ്പോർട്ട് സംപ്രേഷണം ചെയ്തു. 15 ലക്ഷം ആളുകൾവരെ സന്ദേശമെത്തി. ആദ്യം 75000 ആളുകൾവരെയായിരുന്നു. സോഷ്യൽമീഡിയാ മുഖേനയും ആയിരക്കണക്കിനാളുകൾക്ക് സന്ദേശമെത്തി. ഹോളണ്ടിലെ പര്യടനത്തിനിടയിൽ മാധ്യമങ്ങൾ മുഖേന 14 ലക്ഷം ആളുകൾവരെ സന്ദേശമെത്തിയെന്നാണവർ കരുതുന്നത്. ഇതിൽ കൂടുതൽ അൽമേരേ മസ്ജിദിന്റെ കവറേജായിരുന്നു. അത് അവരുടെ നാഷണൽ ടിവിയാണ് നൽകിയത്. ഫ്രാൻസിന്റെ ന്യൂസ് ഏജൻസി അതായത് നാഷണൽ ന്യൂസ് ഏജൻസി യുനെസ്കോയിൽ ചെയ്ത പ്രഭാഷണം ഉദ്ധരിച്ച് ഒരു ആർട്ടിക്കിൾ സംപ്രേഷണം ചെയ്തു. ആ ആർട്ടിക്കിളിന്റെ അവസാനം എഴുതിയ ആൾ പറഞ്ഞത് ഖലീഫ അഹ്മദികളുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമണങ്ങളെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്ന കാര്യം തന്നെ അത്ഭുതപ്പെടുത്തി എന്നാണ്. പിന്നീട് സ്ട്രാസ്ബർഗിൽ മസ്ജിദ് മഹ്ദിയുടെ ഉദ്ഘാടനം ഉദ്ധരിച്ച് ഡിഎൻഎയിൽ വാർത്ത വന്നു. റേഡിയോ ചാനലിലും റിപ്പോർട്ട് വന്നു. മീഡിയ ഔട്ട്ലറ്റ്സ് മുഖേനയും മില്യൺ കണക്കിന് ആളുകൾവരെയും സന്ദേശമെത്തി.

ജർമനിയിൽ വേസ്പാദൻ, ഫുൾദ, ബർലിൻ, മഹ്ദിയാ ബാദിൽ ഫംക്ഷനുണ്ടായി. അത് മൊത്തത്തിലുള്ള കണക്കനുസരിച്ച് 13 പത്രങ്ങളിലും 4 ടിവി ചാനലുകളിലും ഒരു റേഡിയോ ചാനലിലും വാർത്ത വന്നു. ഇല്ക്ട്രോണിക് മീഡിയാ


'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

താലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

താലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

യിൽ 12 റിപ്പോർട്ടുകൾ വന്നു. റിപ്പോർട്ട് നല്കുന്ന ആളിന്റെ അഭിപ്രായം –അദ്ദേഹം വിദേശകാര്യവകുപ്പ് സെക്രട്ടറിയാണ്– അവർ വിചാരിക്കുന്നത് ഏകദേശം 49 മില്യൺ വരെ വിവിധ മാധ്യമങ്ങൾ മുഖേന ഈ സന്ദേശം എത്തിയെന്നാണ്. ഇപ്രകാരം റിവ്യൂ ഓഫ് റിലീജ്യൻസും ഏകദേശം ഒന്നര മില്യൺ ആളുകൾവരെ സന്ദേശം എത്തിച്ചു. ഈ സന്ദേശം മുമ്പേപറഞ്ഞതുപോലെ ജനങ്ങൾക്ക് മനസ്സിലാക്കാൻ നിമിത്തമാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാനൊരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. ഈ ജനാസ മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് മുബല്ലിഗ് പാലക്കാടിന്റേതാണ് (കേരള, ഇന്ത്യ). 54–ാം വയസിൽ ഒക്ടോബർ 15ന് അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാവ് മൗലവി കെ. മുഹമ്മദ് അലവി സാഹിബ് മുഖേനയാണ്; അദ്ദേഹം അനഹ്മദികളിൽ പ്രസിദ്ധ ആലിമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ അദ്ദേഹത്തിന് കഠിനമായ എതിർപ്പ് നേരിടേണ്ടി വന്നു. അദ്ദേഹം മുഖേന കേരളത്തിൽ നൂറുക്കണക്കിന് ആളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. മർഹൂം മൗലവി കെ. മഹ്മൂദ് അഹ്മദ് സാഹിബ് തന്റെ പിതാവിന്റെ ഉപദേശമനുസരിച്ച് കോളേജ് വിദ്യാഭ്യാസം ഉപേക്ഷിച്ച് ജാമിഅ അഹ്മദിയ്യായിൽ ചേർന്നു. 1988–ൽ ജാമിഅ അഹ്മദിയ്യ പാസായി. മർഹൂം വലിയൊരു മതപണ്ഡിതനായിരുന്നു. മുത്തഖിയായിരുന്നു. നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുകയും തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുന്ന ആളായിരുന്നു. ദുആ ചെയ്യുകയും ദരിദ്രരെ സഹായിക്കുകയും ചെയ്യുമായിരുന്നു. ക്ഷമിക്കുകയും അല്ലാഹുവിനോട് നന്ദി കാണിക്കുകയും ചെയ്യുന്ന ആത്മാർഥ മനുഷ്യനായിരുന്നു. വിശുദ്ധഖുർആനും, ഹദീഥുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഗ്രന്ഥങ്ങളും അഗാധമായി വായിച്ചിരുന്നു. അറബി, ഉർദു, മലയാളം, തമിഴ് ഭാഷകളിൽ നല്ല പ്രാവീണ്യവുമുണ്ടായിരുന്നു. മർഹൂമിന്റേതായ സ്വന്തം ലൈബ്രറി ഉണ്ടായിരുന്നു. അതിൽ ധാരാളം അമൂല്യഗ്രന്ഥങ്ങളുണ്ടായിരുന്നു. കേരള, തമിഴ്നാട്, ലക്ഷദ്വീപ് വിദേശരാജ്യമായ കുവൈത്ത് തുടങ്ങിയ സ്ഥലങ്ങളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. നല്ലൊരു പ്രസംഗകനും സംവാദകനുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ നിർദേശപ്രകാരം 1994–ൽ മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദിനോടും ഹാഫിള് മുസഫ്ഫർ അഹ്മദ് സാഹിബിനോടുമൊപ്പം ജമാഅത്തിന്റെ ഒരു കഠിനവിരോധിയായ മൗലവിയുമായി വാദപ്രതിവാദം നടത്താൻ തൗഫീഖ് കിട്ടി; മർഹൂം മൂസിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ രണ്ട് ഭാര്യയും മൂന്ന് പുത്രിമാരുമുണ്ട്. രണ്ട് മരുമക്കൾ അല്ലാഹുവിന്റെ കൃപയാൽ ജീവിതം ദീനിനുവേണ്ടി വഖ്ഫ് ചെയ്തവരാണ്.

അദ്ദേഹത്തിന്റെ ഒരു മരുമകൻ എഴുതുന്നു: 'ജാമിആയിലെ അവസാന വർഷത്തെ അവധിയിൽ തന്റെ പിതാവിന്റെ നിർദേശാനുസരണം വീട്ടിൽ പോയില്ല. പ്രത്യുത രണ്ടുമാസം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥപാരായണത്തിന് വഖ്ഫ് ചെയ്തു.' ജാമിആയിലെ വിദ്യാർഥികൾക്ക് ഇതിൽ വലിയൊരു മാതൃകയുണ്ട്. 'ഇന്ത്യയിലെ കേരള സംസ്ഥാനത്തുനിന്ന് അഹ്മദിയ്യത്തിനെ വിപാടനം ചെയ്യുന്നതിനുവേണ്ടി അവിടുത്തെ എല്ലാ മുസ്ലിം കക്ഷികളും ചേർന്ന് അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം എന്ന പേരിൽ ഒരു സംഘടന ഉണ്ടാക്കിയിരുന്നു. ഈ സംഘടന കേരളത്തിലെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റംവരെ തുടർച്ചയായി ജമാഅത്തിനെതിരിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾക്കെതിരിലും ആക്ഷേപങ്ങൾ ഉന്നയിച്ച് യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. അതിന്നെതിരിൽ എല്ലാ സ്ഥലത്തും ജമാഅത്ത് യോഗങ്ങൾ സംഘടിപ്പിച്ചത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. 1998–ലും 2015ലും അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം സംഘടനയുമായി ജമാഅത്തിന്റെ ചരിത്രപരമായ വാദപ്രതിവാദങ്ങൾ നടന്നു. അതിൽ ഇദ്ദേഹത്തിന് സംവാദകൻ എന്ന നിലയിൽ സേവനങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടി. ഇതിനു പുറമെ അഹ്‌ലെ ഖുർആൻ, അഹ്‌ലെ ഹദീഥ് പണ്ഡിതന്മാരോടൊപ്പം അല്ലാഹുവിന്റെ കൃപയൊന്നുകൊണ്ടുമാത്രം അദ്ദേഹത്തിന് വിജയകരമായി വാദപ്രതിവാദം നടത്താൻ ഭാഗ്യം കിട്ടി. പരേതൻ നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിച്ചിരുന്നു. ചെറിയ പ്രായത്തിൽത്തന്നെ തഹജ്ജുദ് നമസ്കരിക്കുന്ന ശീലമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരുമകൻ പറയുന്നു: 'കുട്ടിക്കാലത്തെ ഒരു സംഭവം വിവരിക്കപ്പെടുന്നു. ഒരിക്കൽ മർഹൂമിന് തഹജ്ജുദ് നമസ്കരിക്കാൻ കഴിഞ്ഞില്ല. അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു, മോനേ! നിനക്ക് മഖാമെ മഹ്മൂദ് കിട്ടണമെന്ന ആഗ്രഹമില്ലേ?' ആ ദിവസം മുതൽ അദ്ദേഹം ആ വസിയ്യത്ത് ഏറ്റെടുക്കുകയും ജീവിതം മുഴുവൻ അത് നിറവേറ്റുകയും ചെയ്തു. എത്രത്തോളമെന്നാൽ രോഗവും അങ്ങേയറ്റം ക്ഷീണവും ഉണ്ടായ അവസ്ഥയിലും അതിൽ നിലകൊണ്ടു. ഖിലാഫത്തിനോടു അതിയായ സ്നേഹവും വിശ്വാസവുമായിരുന്നു. ആത്മാർഥമായ ആഴത്തിലുള്ള ബന്ധമായിരുന്നു. തഅ്‌ലീമീ തർബിയത്തീ തബ്‌ലീഗ് പരിപാടികളിൽ വലിയ ഭാഗം ഖിലാഫത്തിനുവേണ്ടി പ്രത്യേകപ്പെടുത്തിയിരുന്നു. ആ വിഷയത്തിൽ സംസാരിച്ചിരുന്നു. ആ വിഷയത്തിൽ സംസാരിച്ച് മിക്കപ്പോഴും വികാരാധീനനാകുമായിരുന്നു. 2015–ൽ ഒരു സ്ത്രീ തന്റെ കുട്ടിയുമായി അഹ്മദിയായി. അവരുടെ ഭർത്താവ് വിദേശത്തായിരുന്നു. അദ്ദേഹം വന്നപ്പോൾ ഇദ്ദേഹം തബ്‌ലീഗ് ചെയ്തു. അദ്ദേഹം ഒരു ചോദ്യം ചോദിച്ചു. ഖിലാഫത്തിനെ വിശ്വസിക്കേണ്ട ആവശ്യമെന്താണ്? അപ്പോൾ പരേതൻ ഖിലാഫത്തിന്റെ സ്ഥാനമാനവും അതിന്റെ പ്രാധാന്യവും അനുഗ്രഹവും വികാരപരമായി സംസാരിക്കുന്നതിനിടയിൽ ഇദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു; അത് ആ അനഹ്മദിയേയും സ്വാധീനിച്ചു. അത് കേട്ടുടനെ അദ്ദേഹവും ബയ്അത്ത് ചെയ്തു.

യഥാർഥത്തിൽ അദ്ദേഹം ഖിലാഫത്തിന്റെ 'സുൽത്വാനെനസ്വീറാ'യിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ മുന്നോട്ടുകൊണ്ടുപോകാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**(പേജ് 1ൽനിന്ന്)**

ചെറിയ മാളമോ പൊത്തോ ഉണ്ടാക്കുകയല്ല ചെയ്യുന്നത്. ഇപ്രകാരം അല്ലാഹുവിന്റെ കർമം അതായത് പ്രകൃതിനിയമത്തിൽ വിശാലമായും ചിന്താദൃഷ്ടിയോടുംകൂടിയും നോക്കുമ്പോൾ നമുക്ക് അറിയാൻ കഴിയുന്നത് അവൻ തന്റെ സൃഷ്ടികളെ സൃഷ്ടിച്ച് അവർ ദാസത്വത്തിൽനിന്ന് പിന്തിരിഞ്ഞ് പരിപാലനത്വത്തോടു ബന്ധമില്ലാതിരിക്കരുതെന്ന് ഒരിക്കലും ആഗ്രഹിച്ചില്ല. പരിപാലനത്വം ദാസത്വത്തെ അകറ്റുന്നതിനുള്ള തീരുമാനം ഒരിക്കലുമെടുത്തില്ല. സത്യസന്ധമായ അടിസ്ഥാനതത്ത്വമാണിത്. ദാസത്വത്തെ സ്ഥിരമായ സ്വാതന്ത്ര്യമുള്ള വസ്തുവായി മനസ്സിലാക്കുന്നവർ കഠിനമായ തെറ്റിലാണുള്ളത്. അല്ലാഹു അവനെ അങ്ങനെ സൃഷ്ടിച്ചിട്ടില്ല. നമ്മുടെ അറിവുകൾ, ചിന്താഗതികൾ, ബുദ്ധികളുടെ പരസ്പരം സമവായം ഇല്ലാതിരിക്കൽ, എല്ലാ കാര്യങ്ങളിലും പൂർണമായും തികഞ്ഞനിലയിലും വെളിച്ചം പകരാൻ സാധിക്കാതിരിക്കൽ തുടങ്ങിയവയെല്ലാം ദാസത്വത്തിന് പരിപാലനത്വത്തിന്റെ അനുഗ്രഹം കൂടാതെ നില്ക്കാൻ പറ്റുകയില്ലെന്നതിന് വ്യക്തമായ തെളിവാണ്. നമ്മുടെ ശരീരത്തിന്റെ ഓരോ അണുവും മലക്കുകളുടെ കല്പന ഉൾക്കൊള്ളുന്നു. അങ്ങനെയായിരുന്നില്ലെങ്കിൽ മരുന്നും അതിനേക്കാളുപരി ദുആയുടെ തത്ത്വവും പാഴും നിർജീവവുമായിരുന്നു.

ഭൂമി, ആകാശം മാഫിൽഅർളി വസ്സമാവാത്തിയിൽ ദൃഷ്ടി പതിപ്പിക്കുക; എന്നിട്ട് ചിന്തിക്കുക. ഈ എല്ലാ സൃഷ്ടികൾക്കും തങ്ങളുടെ നിലനില്പിലും അസ്തിത്വത്തിലും സ്ഥിരമായി നില്ക്കാൻ കഴിവുണ്ടോ? അല്ലെങ്കിൽ ആരുടെയെങ്കിലും ആശ്രയത്തിലാണോ ഉള്ളത്?

എല്ലാ സൃഷ്ടികളും പ്രപഞ്ചഗോളങ്ങൾ മുതൽ ഭൗമികംവരെ അതിന്റെ രൂപഘടനയിൽത്തന്നെ ദാസത്വത്തിന്റെ വർണം ഉൾക്കൊള്ളുന്നുണ്ട്. ഓരോ ഇലയിൽനിന്നും അറിയാൻ കഴിയുന്നത്, എല്ലാ ശാഖയിൽനിന്നും ശബ്ദത്തിൽനിന്നും ദൈവം അവന്റെ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നുവെന്നുള്ള നാദം പുറപ്പെടുന്നു. അവന്റെ അതിസൂക്ഷ്മമായ നിയന്ത്രണങ്ങൾ നമുക്ക് നമ്മുടെ ചിന്തകൊണ്ടും ശക്തികൊണ്ടും വിവരിക്കാൻ പറ്റുകയില്ല. എന്നല്ല, പൂർണമായ നിലയിൽ മനസ്സിലാക്കാനും പറ്റുകയില്ല. ജോലി ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു. *അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം* (2:256) സമ്പൂർണമായ വിശേഷഗുണങ്ങൾ അടങ്ങിയതും എല്ലാ ന്യൂനതകളിൽനിന്ന് പരിശുദ്ധവുമായ അസ്തിത്വം അല്ലാഹുവിന്റെ സത്ത മാത്രമാണ്. അവനാണ് ആരാധനയ്ക്കർഹൻ. അവന്റെ അസ്തിത്വം തെളിവിന്റെയൊന്നും ആവശ്യമില്ലാത്ത വ്യക്തമായ കാര്യമാണ്. കാരണം അവൻ സ്വയം നിലകൊള്ളുന്നവനും മറ്റുള്ളതിനെ നിലനിറുത്തുന്നവനുമാണ്. അവനിലല്ലാതെ മറ്റൊരു വസ്തുവിലും സ്വയം നിലകൊള്ളുന്നതും മറ്റുള്ളതിനെ നിലനിറുത്തുന്നതുമായ സവിശേഷഗുണമില്ല. ഇതിന്റെ അർഥം എന്താണ്? അതായത് അല്ലാഹുവിനെ കൂടാതെ ആരിലും കാരണമൊന്നുംകൂടാതെ സ്വയം നിലകൊള്ളുന്നതും നിലനിറുത്തുന്നതുമായ ഗുണമില്ല. അല്ലെങ്കിൽ തികഞ്ഞ യുക്തിദീക്ഷയോടും സുസ്ഥിരമായ ക്രമീകരണത്തോടുംകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ പ്രപഞ്ചത്തിന്റെ അടിസ്ഥാനപരമായ കാരണമാകാൻ അവയ്ക്ക് കഴിയുമോ? ചുരുക്കിപ്പറഞ്ഞാൽ ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിനു പുറമെ ഈ സൃഷ്ടികളുടെ പ്രപഞ്ചത്തിൽ മാറ്റം വരുത്തുന്ന ഒരു അസ്തിത്വവും അല്ലാഹുവല്ലാതെ ഇല്ലെന്നാണ്. അല്ലെങ്കിൽ എല്ലാ ഓരോ വസ്തുവിന്റേയും ജീവിതത്തിനു കാരണവും നിലനില്പിന് നിമിത്തവും അല്ലാഹുവാണ്!' (മൽഫൂദാത്ത്, വാള്യം 1, പേജ് 96–99, 2018 ഖാദിയാൻ)

★★★

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം:അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 22, തിങ്കളാഴ്ച:**

താഴെ പറയുന്ന രാജ്യങ്ങളിൽ നിന്നുള്ള നവഅഹ്മദികൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

കോസ്റ്ററിക്ക, പരാഗ്വേ, മെക്സിക്കോ, ഹ്യൂൻഡുറസ്, പാനമ, ഇക്വഡോർ, എൽസവഡോർ, ഗ്വാട്ടിമാല, ബെലീസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ചില വ്യക്തികൾ കഴിഞ്ഞ വർഷങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. സെൻട്രൽ അമേരിക്ക, സൗത്ത് അമേരിക്ക രാജ്യങ്ങളിൽ നിന്നുള്ളവർ പുതുതായി വാഗ്ദത്ത മസീഹിന്റെ ആത്മീയാരുവിയിൽനിന്നു പാനം ചെയ്തിരുന്നു.

ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു: 'എല്ലാ ഓരോ സമുദായവും ഈ അരുവിയിൽനിന്ന് പാനം ചെയ്യുന്നതായിരിക്കും. ഈ ജമാഅത്ത് ശക്തിയുക്തം വളരുകയും വ്യാപിക്കുകയും ഭൂമിയെ വലയം ചെയ്യുകയും ചെയ്യും.' (തജല്ലിയാത്തെ ഇലാഹിയ്യ.റൂഹാനി ഖസാഇൻ വാള്യം 20,പേജ്-409)

വാഗ്ദത്ത മസീഹ് (അ)ന്റെ ദീർഘ ദർശനത്തെ സത്യപ്പെടുത്തിക്കൊണ്ട് അഹ്മദിയ്യത്തിലേക്ക് വന്നവർ ജീവിതത്തിലാദ്യമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. ഈ ദിവസം അവരുടെ ജീവിതത്തിൽ ചരിത്രപരമായി പ്രധാന ദിവസമായിരുന്നു. അവരുടെ വിചാര വികാരങ്ങൾ വിവരണാതീതമാണ്. അവരിൽ ചിലർ അവരുടെ ഹൃദയാവസ്ഥ ഇങ്ങനെ വെളിപ്പെടുത്തുന്നു:

മെക്സിക്കോയിൽ നിന്നുള്ള ഒരു പുതു അഹ്മദി അവാൻ ഫ്രാൻസിസ്കോ പറയുന്നു: 'വിശ്വാസം കൊണ്ട് നിറഞ്ഞ ഒരു വ്യക്തിയെയാണ് ഞാൻ കണ്ടത്. എനിക്ക് മാർഗദർശി എന്ന നിലയിലും എന്റെ വിശ്വാസത്തെ വർധിപ്പിക്കുന്നതിനും വേണ്ടി ദൈവത്തിൽ നിന്ന് അയക്കപ്പെട്ട വ്യക്തിയാണ് അദ്ദേഹം. ഞങ്ങൾ ഖലീഫത്തുൽ മസീഹിന്റെ കൈയിൽ ബയ്അത്ത് ചെയ്ത നിമിഷങ്ങൾ വിവരണാതീതമാണ്. എന്റെ ശരീരമാസകലം ആ നിമിഷങ്ങളിൽ ചൂടാകുകയും വിയർത്ത് ഒഴുകാനും തുടങ്ങി. ഒരു വൈദ്യുതി പ്രവാഹം എന്റെ ഉള്ളിലൂടെ കടന്നു പോ കുന്നതായി എനിക്ക് തോന്നി. അതോടൊപ്പം എന്റെ പാപങ്ങളെല്ലാം വിട്ടുമാറിയതായും തോന്നി. നമുക്ക് ഖലീഫത്തുൽ മസീഹിനെ നല്കിയ ദൈവത്തിന് ലക്ഷം നന്ദികൾ. ഇത് നന്മയിലേക്ക് മുന്നേറാനുള്ള പ്രഥമ സ്റ്റെപ്പാണെന്ന് എനിക്കറിയാം. എന്റെ ഉള്ളിൽ ഒരു മാറ്റം തുടങ്ങുമെന്നും എനിക്കറിയാം.

മെക്സിക്കോയിൽ നിന്ന് വന്ന അർലാന്താ മേരിയാ സാഹിബ തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'പ്രിയപ്പെട്ട ഹുദൂറിനെ കാണണമെന്നത് എന്റെ നിരന്തരമായ ആഗ്രഹമായിരുന്നു. എനിക്കെന്റെ കണ്ണുനീരിനെ തടുക്കാൻ കഴിഞ്ഞില്ല. ഹുദൂറിനെ കണ്ടതും എനിക്ക് സമാധാനം കൈവന്നു. ഹുദൂർ എന്റെ മുമ്പിലുണ്ടെന്ന് എനിക്ക് ദൃഢമായും വിശ്വസിക്കാൻ കഴിഞ്ഞില്ല.

മെക്സിക്കോയിൽനിന്ന് വന്ന ലോറ മാറ്റിൽഡേ(Laura Matilde) സാഹിബ പറയുന്നു: 'എന്റെ ഈ ഗ്വാട്ടിമാല യാത്രക്ക് ശേഷം എന്റെ ഉള്ളിൽ രൂഢമൂലമായിരിക്കുന്നത് എവിടെയാണോ ഞാനുണ്ടാകേണ്ടത് ദൈവം എന്നെ അവിടെ എത്തിച്ചിരിക്കുന്നു എന്നാണ്. ആത്മീയമായും വൈകാരികമായും വളരെ തൃപ്തിയും സമാധാനവും അനുഭവിക്കുന്നു എന്നുള്ളതിൽ എന്റെ ഉള്ളിൽ ഒരു സംശയവും ഇല്ല. ഇതര രാഷ്ട്രങ്ങളിൽനിന്ന് വന്ന അഹ്മദി സഹോദരി സഹോദരന്മാരെ കണ്ടപ്പോൾ വിശ്വാസത്തിൽ വർധനയുണ്ടായി. സർവോപരി പ്രിയങ്കരനായ ഹുദൂറിന്റെ പിന്നിൽ നമസ്കാരം നിർവ്വഹിച്ചു കൊണ്ട് അല്ലാഹുവിലും യഥാർഥ ഇസ്ലാമായ അഹ്മദിയ്യത്തിലും വിശ്വാസം രൂഢമൂലമായി. എനിക്ക് വളരെ സമാധാനം തോന്നുന്നു. ഈ വഴിയിൽ സ്ഥിര ചിത്തതയോടെ നില്ക്കാനാണ് എന്റെ ആഗ്രഹം. അല്ലാഹു അങ്ങനെ തന്നെ ചെയ്യുമാറാകട്ടെ.

വിസെന്റെ ബ്രിയോൺസ് (Vicente Briones) എഴുതുന്നു: എന്റെ ബന്ധം മെക്സിക്കോ സിറ്റി ജമാഅത്തുമായിട്ടാണ്. എനിക്ക് ഗ്വാട്ടിമാലയിൽ വരാനുള്ള അവസരം ലഭിക്കുന്നു എന്ന് കേട്ടപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. എന്നാൽ, അവിടെ ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ചയുണ്ട് എന്നറിഞ്ഞപ്പോൾ എന്റെ സന്തോഷം വീണ്ടും വർധിച്ചു. ഹുദൂറുമായി ഞങ്ങളുടെ കൂടിക്കാഴ്ച നടന്നപ്പോഴും വളരെ സന്തോഷം ഉണ്ടായി. കാരണം എനിക്ക് അദ്ദേഹത്തിന്റെ അടുക്കൽ വളരെ സമയം ഇരിക്കാൻ അവസരം ലഭിച്ചിരുന്നു. കുറച്ചു നാളുകൾക്ക് മുമ്പേയാണ് എനിക്ക് മെക്സിക്കോ സിറ്റിയിൽ ബയ്അത്ത് ചെയ്യാൻ അവസരം ലഭിച്ചത്. എന്നാൽ ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യുക എന്നത് എനിക്ക് വിവരിക്കാൻ പറ്റാത്ത സംഭവമാണ്. ഞാനെന്റെ കണ്ണുനീർതുടച്ചു കൊണ്ട് പറഞ്ഞു: ഇത് എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ ദിവസമാണ്.'

മെക്സിക്കോയിൽനിന്ന് വന്ന ഒരു പുതു അഹ്മദി മിഗുവെൽ ഏഞ്ചൽ(Miguel Angel) സാഹിബ് പറയുന്നു: ഹൃദയത്തിന്റെ അന്തരാളങ്ങളിൽ നിന്നുള്ള നന്ദി ഹുദൂറിന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾക്ക് കുറച്ചുസമയം കൂടിക്കാഴ്ച നടത്താനുള്ള അവസരം ഹുദൂർ നല്കി. കൂടാതെ ഗ്വാട്ടി മാല ജമാഅത്തിൽ വളരെയധികം പുതുവ്യക്തികളുണ്ട്. ഇസ്ലാം അഹ്മദിയ്യത്തിൽ ഒരു ബോർഡറും ഇല്ല എന്നതാണ് യാഥാർഥ്യം. നമ്മെ വേർപെടുത്തുന്ന ഒരുവിധ വരയുമില്ല. ഒരു രാജ്യത്തിന്റെ ലൈനുകളും നമ്മെ വേർപെടുത്താൻ കഴിയില്ല. നാമെല്ലാവരും സഹോദരന്മാരാണ്. പത്തു മുതൽ പതിനഞ്ച് രാജ്യങ്ങളിൽ നിന്ന് വന്നവർ ഹുദൂറിന്റെ പിന്നിൽ നമസ്കരിച്ചു. എന്നാൽ, നമ്മളെല്ലാവരും ഒന്നായിരുന്നു. ഒരു ഖലീഫയുടെ പിന്നിൽ നമസ്കരിക്കുകയായിരുന്നു.

മെക്സിക്കോയിൽ നിന്നുള്ള ഒരു പുതു അഹ്മദി ക്ളാരാ ജുആന ഗോൺസാലെസ് റാമിറേസ് (Clara Juana Gonzalez Ramires)സാഹിബ പറയുന്നു: 'മെക്സിക്കോയിൽ നിന്ന് വന്ന സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച, ബയ്അത്ത് പരിപാടിയിൽ പങ്കെടുത്തത് തുടങ്ങിയവയെ കുറിച്ച് എനിക്ക് പറയാനുള്ളതിതാണ്, അത് വിവരിക്കാൻ എന്റെയടുക്കൽ വാക്കുകളില്ല. ഞാൻ വളരെ സന്തോഷവതിയും തൃപ്തയുമാണ്. ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കും ബയ്അത്തിനും ശേഷം എന്റെ ഈമാൻ വളരെ ബലപ്പെട്ടിരിക്കുന്നു എന്ന് എനിക്ക് മനസ്സിലാകുന്നു. കാരണം എന്റെ ജീവിതത്തിൽ എനിക്ക് ചുറ്റിലുമുള്ളവർ ഇസ്ലാം മതത്തെ കുറിച്ച് ഒന്നും അറിയാത്തവരാണ്. അവർ എന്നിൽ നിന്ന് ദൂരെ നില്ക്കാനാണ് ആഗ്രഹിക്കുന്നത്. ഞാൻ അവരോടൊപ്പം ജീവിക്കണോ അതോ ജമാഅത്തോടൊപ്പം ജീവിക്കണോ എന്നാണ് ആലോചിക്കുന്നത്. ജമാഅത്തിനോടൊപ്പം ജീവിക്കണമെന്ന് ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇസ്ലാമിന്റെ അധ്യാപനങ്ങൾ തുടർന്ന് പഠിച്ചു കൊണ്ടിരിക്കാൻ കഴിയുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. ഒപ്പം ജമാഅത്തിന് സേവനവും ചെയ്യണം. അല്ലാഹു ജമാഅത്തിനെ വളർത്തിക്കൊണ്ടിരിക്കട്ടെ എന്നതാണ് എന്റെ പ്രാർഥന. ആമീൻ

ഹോൻഡുറാസ് രാജ്യത്തുനിന്ന് വന്ന ഒരു പുതുഅഹ്മദി റോസാ ഡൽമി റീവാസ് സാഹിബ് തന്റെ വികാരങ്ങൾ ഇങ്ങനെ വെളിപ്പെടുത്തുന്നു: എനിക്ക് സ്വന്തം രാജ്യത്ത് നിന്ന് പുറത്ത് പോകാനുള്ള ആദ്യ അവസരമാണ് ലഭിച്ചത്. എത്ര നീണ്ട യാത്ര ചെയ്യേണ്ടി വന്നു. ഞങ്ങൾ ഹോൻഡുറാസിൽ നിന്ന് 16 മണിക്കൂർ ഗ്വാട്ടിമാലയിലേക്ക് യാത്ര ചെയ്തു. യാത്രയിൽ പല ബുദ്ധിമുട്ടുകൾ ഞങ്ങൾക്ക് തരണം ചെയ്യേണ്ടിവന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദും ഖലീഫത്തുൽ മസീഹിനേയും കണ്ടതും യാത്രയുടെ യാതനകളെല്ലാം പെട്ടെന്ന് അപ്രത്യക്ഷമായി. ജമാഅത്തിലെ വളരെ പ്രിയപ്പെട്ട നല്ല നല്ല വ്യക്തികളെ കാണാൻ സാധിച്ചു. അവർ എന്നോട് സ്വന്തം കടുംബത്തിലെ അംഗങ്ങളെ പോലെ പെരുമാറി. അമേരിക്കയിൽ നിന്നുള്ള ഒരു അഹ്മദി വനിത എന്നോട് പറഞ്ഞത് ഞാൻ അവരുടെ മകളെ പോലെയാണെന്നാണ്. ഈ യാത്രയുടെ ഏറ്റവും ശ്രേഷ്ഠമായ ഭാഗം കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ചയാണ്. എനിക്ക് വ്യക്തിപരമായി ഖലീഫയുമായി ഒന്നും സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം ഞാൻ മറ്റൊരു ലോകത്താണെന്ന് തോന്നിയിരുന്നു. എനിക്ക് തോന്നിയത് ഖലീഫയെ നോക്കിക്കൊണ്ടിരിക്കുക എന്നതു മാത്രമായിരുന്നു; അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടിരിക്കുക എന്നും. വിവരിക്കാൻ പറ്റാത്ത ഒരനുഭവമാണ് എനിക്കുണ്ടായത്. ജമാഅത്തിനെ കുറിച്ചുള്ള അറിവിൽ ഈ യാത്രയിൽ എനിക്ക് വളരെ വർധനയുണ്ടായി. കാലത്തിന്റെ ഖലീഫ മസ്ജിദിലെത്തിയപ്പോൾ ഹുദൂറിന്റെ മുമ്പിൽ ഒരു പദ്യം ചൊല്ലാനുള്ള അവസരവും എനിക്ക് കിട്ടി. കൂടാതെ സംയുക്ത കൂടിക്കാഴ്ചയിലും പദ്യം ആലപിക്കാനുള്ള അവസരം കിട്ടി

ഹോൻഡുറാസിൽ നിന്നു വന്ന ഒരു ടീവി റിപ്പോർട്ടറായ മനൂലോ ഹൌളേ ഇസ്കോത്തോ

## ഹദീഥുന്നബ്വി (സ):

*സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.*
*(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)*

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 5 December 2019 Issue-49

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

സാഹിബ് തന്റെ അനുഭവം വിവരിക്കുന്നു: 'ഈ യാത്ര എനിക്ക് വളരെയധികം സന്തോഷം നല്കുന്ന അനുഭവങ്ങൾ നിറഞ്ഞതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങൾ സൃഷ്ടിസേവനത്തിന്റെ പരിശ്രമങ്ങളെ സംബന്ധിച്ച് കൂടുതലറിയാനുള്ള അവസരം പ്രാപ്തമായി. ഇപ്രാവശ്യം നാസ്വിർ ഹോസ്പിറ്റലിന്റെ ഉല്ഘാടനം നടന്നു. ഇതു മുഖേന ആയിരക്കണക്കിന് പാവപ്പെട്ടവർക്ക് സഹായം നല്കപ്പെടും. കാലത്തിന്റെ ഖലീഫയുടെ വിചാരങ്ങളെ കുറിച്ച് മനസ്സിലാക്കുക എന്നത് ഒരു വിസ്മയകരവും വ്യതിരിക്തവുമായ അനുഭവമാണ്. കാലത്തിന്റെ ഖലീഫയുടെ സന്ദേശത്തിന്റെ കേന്ദ്രീകൃത വിഷയം എപ്പോഴും ശാന്തിയും ആഗോള സാഹോദര്യവും ആണ്. ജനങ്ങളുടെ മാനസിക നിലവാരവും ചിന്തയും അനുസരിച്ചാണ്കാലത്തിന്റെ ഖലീഫ സംസാരിക്കുന്നത്. മുസ്ലിം സമൂഹത്തിൽ നിലനില്ക്കുന്ന തെറ്റായ സ്വാധീനങ്ങളെ അദ്ദേഹം നീക്കുന്നു.'

ഹോൻഡുറാസ് ജമാഅത്തിലെ അംഗവും ഖാളിമുമായ എഡ്വിൻ അർമാന്തോ മോന്തോയാ സാഹിബ് തന്റെ വിചാരങ്ങൾ ഇങ്ങനെ വെളിപ്പെടുത്തുന്നു: 'എന്റെ അഭിപ്രായത്തിൽ കാലത്തിന്റെ ഖലീഫയുടെ അടുക്കൽ ഇരിക്കലും അദ്ദേഹത്തിന്റെ സന്ദേശം കേൾക്കലും അതനുസരിച്ച് പ്രവർത്തിക്കലും മുഖേന സ്വന്തം വിശ്വാസം പുരോഗതി പ്രാപിക്കുന്നു. ഇത് ഒരു ഹൃദ്യമായ അനുഭവമായിരുന്നു. കാലത്തിന്റെ ഖലീഫയോടൊപ്പം കൂടിക്കാഴ്ച നടത്താൻ ഭാഗ്യം ലഭിച്ചു എന്നതാണ് ഈ സന്ദർശനത്തിൽ ഏറ്റവും നല്ല കാര്യമായി എനിക്ക് തോന്നിയത്. ഹുദൂർ അനുകമ്പാപൂർവ്വം എനിക്ക് ഒരു പേനയും നല്കി. കാലത്തിന്റെ ഖലീഫ പെട്ടെന്നുതന്നെ ഹോൻഡുറാസിലും വരുമെന്ന് പ്രതീക്ഷിക്കുന്നു. കാലത്തിന്റെ ഖലീഫ യുക്തിപൂർണമായ രീതിയിലാണ് സംസാരിക്കുന്നത്. ഏത് ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞാലും അത് വളരെ യുക്തിപൂർണവും സമഗ്രവുമായ മറുപടിയായിരിക്കും. എന്നും ഉന്നതനായ ദൈവം കാലത്തിന്റെ ഖലീഫയെ സഹായിക്കട്ടെ,ശക്തിപ്പെടുത്തട്ടെ.

ഹോൻഡുറാസിൽ പ്രവർത്തിക്കുന്ന ജമാഅത്ത് മുബല്ലിഗിന്റെ ഭാര്യ നഹ്റ ചൌദ്ദരി സാഹിബ എഴുതുന്നു: 'ഹുദൂറിനെ കാണാൻ വേണ്ടിയുള്ള ഞങ്ങളുടെ ഗ്വാട്ടിമാല യാത്ര ഒരിക്കലും മറക്കാൻ കഴിയില്ല. ഇതൊരു ചരിത്രപരമായ അവസരമായിരുന്നു. അതിൽ പങ്കെടുക്കാൻ അല്ലാഹു ഞങ്ങൾക്കും അവസരം ഒരുക്കി. അൽഹംദുലില്ലാഹ്. ഹോൻഡുറാസിന്റെ സംഘത്തിൽ ഞാനും ഭർത്താവും കൂടാതെ രണ്ട് ജമാഅത്തംഗങ്ങളും ഒരു റിപ്പോർട്ടറും ഉണ്ടായിരുന്നു. ഗ്വാട്ടിമാല യാത്രക്കിടയിൽ വഴിയിൽ ചില ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നിരുന്നു. വഴി അറിയാൻ വേണ്ടി ഞങ്ങൾ ഉപയോഗിച്ചിരുന്ന ജീ പീ എസ് ഞങ്ങളെ ഒരു മലയോര പ്രദേശത്തെ വഴിയിലൂടെ കൊണ്ടുപോയി. റോഡ് മോശവും വളരെ അപകടകരവുമായിരുന്നു.ഒരു തരത്തിലുള്ള സുരക്ഷാസംവിധാനവും മലയോര റോഡുകളിലുണ്ടായിരുന്നില്ല. ആ നാളിൽ അല്ലാഹു ഞങ്ങളെ ആ അപകടകരമായ സാഹചര്യത്തിൽ നിന്ന് രക്ഷിച്ചു.

ഇതിനേക്കാൾ വിസ്മയിപ്പിക്കുന്ന ഒരു കാര്യം രണ്ട് പുതു അഹ്മദികൾ ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. അവർ തുടർച്ചയായി ഇങ്ങനെ പറഞ്ഞു കൊണ്ടിരുന്നു, വിഷമിക്കരുത്,അല്ലാഹു നമ്മോടൊപ്പമുണ്ട്. നമ്മൾ അല്ലാഹുവിന്റെ വഴിയിലാണ് പോകുന്നത്. ഹുദൂർ എത്തുന്നതിന്ന് ഒരു ദിവസം മുമ്പേ ഞങ്ങൾ ഗ്വാട്ടിമാലയിലെത്തിയിരുന്നു. ഹുദൂറിനെ കാത്തിരുന്നു കൊണ്ടുള്ള അന്നത്തെ ഒരു ദിവസം ഏറ്റവും നീണ്ടതുപോലെ ഞങ്ങൾക്ക് തോന്നി. ഹുദൂർ ഗ്വാട്ടിമാലയിലുണ്ടായിരുന്ന രണ്ടു നാൾ വളരെ അനുഗൃഹീതമായിരുന്നു. ഹുദൂറുമായി കൂടിക്കാഴ്ച നടത്തുവാൻ കഴിഞ്ഞത് ഞങ്ങൾക്ക് ലഭിച്ച ഭാഗ്യമാണ്. ഹുദൂറിന്റെ പിന്നിൽ നമസ്കരിക്കാനും ബയ്അത്ത് ചെയ്യാനും ചരിത്രപരമായി വളരെ പ്രാധാന്യമുള്ള നാസ്വിർ ഹോസ്പിറ്റലിന്റെ ഉല്ഘാടന ചടങ്ങിൽ പങ്കെടുക്കാനും അവസരം ലഭിച്ചു. ഹുദൂറിന്റെ പ്രഭാഷണം വളരെ സ്വാധീനം ഉളവാക്കുന്നതായിരുന്നു. അതിന്റെ കേന്ദ്രീകൃത വിഷയം യഥാർഥ മനുഷ്യത്വത്തിന്റേയും സാഹോദര്യത്തിന്റേയും ഉദ്ദേശ്യവും യഥാർഥ സ്നേഹവും അനുകമ്പയും എന്താണെന്നും ആയിരുന്നു.

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

ഇക്വഡോറിൽ നിന്ന് വന്ന ഒരു പുതു അഹ്മദി തന്റെ അനുഭവം വിവരിക്കുന്നു:'കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിൽ എനിക്ക് ഒരു അപൂർവ ഖജനാവ് ലഭിച്ചു. ആത്മീയതയുടേയും ശാന്തിയുടേയും സന്തോഷത്തിന്റേയും വികാരങ്ങൾ എന്റെ ഉള്ളിൽ ഒന്നു ചേർന്നിരിക്കുന്നു. എനിക്ക് വളരെ സമാധാനം കിട്ടി. ബയ്അത്തിന്റെ അവസരത്തിൽ അദ്ദേഹത്തിന്റെ അനുഗൃഹീത കൈകൾ എന്റെ കൈയ്യിന്മേൽ വെച്ചപ്പോൾ എനിക്കൊരിക്കലും ലഭിച്ചിട്ടില്ലാത്ത ഒരു ഭാഗ്യമായിരുന്നു അത്.

ഇക്വഡോറിൽ നിന്ന് വന്ന ഒരു ലജ്ന മെമ്പർ ഒരു വർഷംമുമ്പേയാണ് ബയ്അത്ത് ചെയ്തത്. അവർക്ക് ആദ്യമായി ഹുദൂറിനെ നേരിട്ടു കാണാനുള്ള അവസരം കിട്ടി. അവർ പറയുന്നു: ഗ്വാട്ടിമാല യാത്ര എനിക്കും എന്റെ കുട്ടികൾക്കും വളരെ സന്തോഷം പകരുന്നതായിരുന്നു. ആദ്യമായി ഞാൻ ഹുദൂറിനെ കണ്ടപ്പോൾ അത് നമുക്ക് ഒരു പ്രത്യേക അവസരമായിരുന്നു. കാരണം, അതു മുഖേന നമുക്ക് സമാധാനം, സ്നേഹം, ക്ഷമ കരഗതമായി. നമുക്ക് ഖലീഫത്തുൽ മസീഹിൽ ഒരു ദൈവിക പ്രകാശം കാണാൻ കഴിഞ്ഞു. പിന്നീട് കൂടിക്കാഴ്ചക്കിടയിൽ എന്റെ മകൻ ഹുദൂറിനെ ആലിംഗനം ചെയ്തപ്പോൾ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ടായി. ഞങ്ങൾ ഇതിനെ ഞങ്ങൾക്കു ലഭിച്ച ഭാഗ്യവും അനുഗ്രഹവുമാണെന്ന് മനസ്സിലാക്കുന്നു. ഇക്വഡോറിലേക്കുള്ള ഞങ്ങളുടെ മടക്കം വളരെ വേദനാ നിർഭരമായിരിക്കും. കാരണം ഞങ്ങൾക്ക് സ്വന്തം അഹ്മദി സഹോദരി സഹോദരങ്ങളേയും നമ്മുടെ പ്രിയങ്കരനായ ഖലീഫയേയും വളരെ ഓർമ വരും. വളരെ പെട്ടെന്നുതന്നെ രണ്ടാമത് വീണ്ടും ഖലീഫയെ കാണാൻ സാധിക്കും എന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്.

ഇക്വഡോറിൽനിന്ന് വന്ന ഒരു പത്രപ്രവർത്തകൻ പറയുന്നു: 'ഖലീഫത്തുൽ മസീഹുമായുള്ള കൂടിക്കാഴ്ച എനിക്കൊരു അനുഭവമായിരുന്നു. ഞാൻ അനുഭവിച്ച വികാരം വിവരിക്കൽ അസാധ്യമാണ്. എന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ എന്റെ കൈയിൽ വാക്കുകളില്ല. ഞാൻ വളരെ പ്രതീക്ഷയോടെയാണ് അല്ലാഹുവിന്റെ ദാസൻ ഖലീഫത്തുൽ മസീഹിനെ കാണാൻ പോയത്. അദ്ദേഹത്തിനെ ഒന്നു കണ്ടതും ഞാൻ പൂർണ സമാധാനത്തിലായി. ശാന്തമായ ഒരു അവസ്ഥ എന്നെ ചൂഴ്ന്നു നിന്നു. ഈ സമയവും സ്ഥലവും ഇനിയൊരിക്കലും എനിക്ക് ഭാവിയിൽ ലഭിക്കില്ലെന്ന് എനിക്ക് തോന്നുന്നുണ്ടായിരുന്നു. ജനങ്ങൾ മനുഷ്യത്വത്തിന്നുവേണ്ടി എന്ത് ചെയ്യുന്നു എന്ന ചിന്ത ഉണർത്തുന്നതായിരുന്നു ഖലീഫയുടെ സന്ദേശം. എന്നും ദുർബലരെ സഹായിക്കുക, അവരുടെ വിദ്യാഭ്യാസം, ഉന്നമനം, സമൂഹത്തിൽ നീതിയുടെ ദറസ് നല്കുന്നതായിരുന്നു ഖലീഫയുടെ സന്ദേശം. ഖലീഫയുടെ പ്രഭാഷണങ്ങൾ എന്നും യുക്തിനിർഭരമായിരുന്നു. ഹൃദയാന്തരാളങ്ങളിൽ നിന്ന് അദ്ദേഹം തന്റെ സന്ദേശം നല്കുന്നതായി എനിക്ക് തോന്നി. ലോകത്തിന് നന്മ, പ്രത്യക്ഷ ഐക്യം, നീതി, മനുഷ്യാവകാശങ്ങൾ എന്നിവയുടെ അധ്യാപനങ്ങൾ അദ്ദേഹം എന്നും നല്കുന്നു. ഖലീഫയുടെ വാക്കുകൾ കാന്തം പോലെയാണ്. ഭാഷ അറിയാതിരുന്നിട്ടും ഞാനദ്ദേഹത്തിന്റെ ഓരോ വാക്കും ശ്രദ്ധിച്ചു കേട്ടു കൊണ്ടിരുന്നു.

ഗ്വാട്ടിമാലയിൽനിന്ന് ഒരു പുതു അഹ്മദി സുലയ്മാൻ മാൻറോഡ്രിഗേസ് സാഹിബ് പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ ഗ്വാട്ടിമാലയിലേക്കുള്ള വരവ് ഞങ്ങളുടെയെല്ലാം സൗഭാഗ്യത്തിനു കാരണമാണ്. കാലത്തിന്റെ ഖലീഫ ഞങ്ങളുടെ ജമാഅത്തിൽ വന്നത് അല്ലാഹു ഞങ്ങളോടു ചെയ്ത വലിയ ഔദാര്യമാണ്. ഹുദൂർ ഗ്വാട്ടിമാലയിൽ വരുന്നു എന്നറിഞ്ഞപ്പോൾ ഞങ്ങളുടെ സന്തോഷത്തിന് ഒരതിരുമില്ലായിരുന്നു. എന്റെയുള്ളിൽ ഒരു ആത്മീയ ദൃഢത ഉണ്ടായി.ഇപ്പോൾ എനിക്ക് വളരെ മാറ്റം ഉണ്ടായിരിക്കുന്നു എന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ജമാത്തിനെ പ്രത്യേക ദുആയിൽ ഓർക്കണമെന്ന് എനിക്ക് ഹുദൂറിനോടപേക്ഷയുണ്ട്.

ഗ്വാട്ടിമാലയിൽ നിന്നുള്ള ഒരു പുതു അഹ്മദി ലിസാ പിന്റോ സാഹിബ തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: ഹുദൂറിന്റെ ഗ്വാട്ടിമാലയിലേക്കുള്ള വരവിൽ എനിക്ക് അല്ലാഹുവിനോട് വളരെ നന്ദിയുണ്ട്. എനിക്ക് ഇതിൽ വളരെ അഭിമാനവും ആദരവും ലഭിച്ചു. എനിക്ക് മഹത്തായ ഒരനുഭവമായിരുന്നു ഇത്. എന്റെ ഹൃദയം സന്തോഷത്താൽ പുളകിതമായി. കാലത്തിന്റെ ഖലീഫയുടെ അനുഗൃഹീത അസ്തിത്വം കണ്ടപാടെ സന്തോഷത്താൽ എന്റെ കണ്ണു നിറഞ്ഞു വന്നു. എന്റെ വിശ്വാസത്തിനു ഒരു പുതുമയും ശക്തിയും കൈവന്നു.

ഗ്വാട്ടിമാലയിൽ നിന്ന് വന്ന ഡോമിംഗ് ടിയോൾ പറയുന്നു: ഞാൻ കാബുൻ ജമാഅത്തിൽ നിന്നാണ് വരുന്നത്. ഹുദൂറിന്റെ വരവിൽ എനിക്ക് എന്നെ വിശ്വാസപരമായും ആതമീയപരമായും വളരെ ആവേശത്തിലാണെന്ന് കാണാൻ കഴിഞ്ഞു. ഹുദൂറിന്റെ വരവിൽ ഞാൻ വളരെ സന്തോഷവാനാണ്. ഹുദൂറിനോടൊപ്പം കഴിച്ചു കൂട്ടാനും എനിക്ക് അവസരം കിട്ടി. ഉന്നതനായ ദൈവത്തോട് ഏറ്റവും അടുപ്പമുള്ള വ്യക്തിയെ കാണാൻ എനിക്ക് സാധിച്ചു.

**(തുടരും)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin